മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 2 No. 13 THE ONLINE OFFICIAL NEWS BULLETTIN 2019 March 30

വലിയ നോമ്പുകാലം SEASON OF GREAT LENT

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
31 hadbšabo d Kfifto (Crippled Woman) 5th Sunday of Great Lent	1	2	3	4	5 54th Memorial of Kuriakose Mar Gregorios Metropolitan (Pampady Dayara)	6

ബെഥേൽ സുലോക്കോ പള്ളി തർക്കത്തിനു താത്കാലിക പരിഹാരം

പെരുമ്പാവൂർ: ബെഥേൽ സുലോക്കോ ഓർത്തഡോക്സ് പള്ളിയിലെ സംഘർഷത്തിന് താത്കാലിക പരിഹാരം. പള്ളിയുടെ താക്കോൽ കളക്ടറുടെ നിർദ്ദേശപ്രകാരം യാക്കോബായ വിഭാഗത്തിന്റെ കയ്യിൽ നിന്നും വില്ലജ് അധികൃതർ ഏറ്റെടുത്തതോടെയാണ് സംഘർഷത്തിന് അയവു വന്നത്. ഇരു വിഭാഗത്തിനുമുള്ള ആരാധനാ സമയം ക്രമീകരിക്കാൻ കലക്ടർ മുഹമ്മദ് സഫിറുല്ലയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമായി. പള്ളിത്തർക്കവുമായി ബന്ധപ്പെട്ടു കോടതിയുടെ പുതിയ വിധി ഉണ്ടാകുന്നതു വരെയായിരിക്കും പുതിയ ആരാധനാ സമയം.

ഓർത്തഡോക്സ് സഭയുടെ ആരാധനാ സമയം രാവിലെ 6 മുതൽ 9 വരെയും യാക്കോബായ വിഭാഗത്തിന്റെതു രാവിലെ 9 മുതൽ 12 വരെയുമായി നിശ്ചയിച്ചു. പള്ളി തുറക്കുകയും അടയ്ക്കുകയും ചെയ്യുന്നത് ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിലാകും. പള്ളിയുടെ താക്കോൽ വില്ലേജ് ഓഫിസറോ മറ്റു സർക്കാർ ഉദ്യോഗസ്ഥനോ സൂക്ഷിക്കും. ആരാധനയ്ക്ക് അനുവദിച്ച സമയത്ത് പള്ളി തുറക്കും. വിവാഹം, മരണം തുടങ്ങിയ പ്രത്യേക സന്ദർഭങ്ങൾ പ്രത്യേകമായി പരിഗണിച്ചു തീരുമാനിക്കും.

ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായി വന്ന കോടതി വിധിയെ തുടർന്ന് യാക്കോബായ വിഭാഗം കഴിഞ്ഞ കുറെ ആഴ്ചകളായി പള്ളി കയ്യേറി കൈവശം വെച്ചിരിക്കുകയായിരുന്നു. കഴിഞ്ഞ ശനിയാഴ്ച ഓർത്തഡോക്സ് സഭാംഗങ്ങൾ പള്ളിവളപ്പിൽ പ്രവേശിച്ചതോടെയാണ് സംഘർഷാവസ്ഥ ഉണ്ടായത്. ഇരു വിഭാഗം സഭാംഗങ്ങളും പള്ളിക്കകത്തും പുറത്തുമായി നിലയുറപ്പിച്ചതോടെ പൊലീസ് സുരക്ഷ ശക്തമാക്കി. സുപ്രീംകോടതി വിധിപ്രകാരം പള്ളി വിട്ടുകിട്ടണമെന്നാണ് ഓർത്തഡോക്സ് സഭയുടെ ആവശ്യം. എന്നാൽ, പള്ളി വിട്ടുകൊടുക്കാൻ അനുവദിക്കില്ലെന്നാണ് യാക്കോബായ സഭയുടെ നിലപാട്. ചർച്ചയിൽ ഇരു സഭാ വിഭാഗങ്ങളുടെയും പ്രതിനിധികൾ പങ്കെടുത്തു.

ഈ ക്രമീകരണപ്രകാരം പാതി നോമ്പ് ദിവസം പെരുമ്പാവൂർ ബെഥേൽ സുലോക്കോ ഓർത്തഡോക്സ് പള്ളിയിൽ വി. കുർബാനയും പാതി നോമ്പിന്റെ ശുശ്രൂഷകളും തോമസ് പോൾ റമ്പാന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

വിധി നടപ്പാക്കാത്തതിൽ പ്രതികരിക്കും: ഓർത്തഡോക്സ് സഭ

ആലുവ: സുപ്രീംകോടതി വിധി നടപ്പാക്കാൻ നിയമപരമായി ബാധ്യതയുണ്ടായിട്ടും അതു ചെയ്യാത്തവർക്കെതിരെ പ്രതികരിക്കാൻ സഭാ സിനഡിന്റെയും മാനേജിങ് കമ്മിറ്റിയുടെയും സംയുക്ത യോഗം തീരുമാനിച്ചു. പ. കാതോലിക്കാ ബാവാ അധ്യക്ഷത വഹിച്ചു.

പെരുമ്പാവൂർ ബഥേൽ സുലോക്കോ പള്ളിയിൽ കോടതിവിധി നടപ്പാക്കാത്തതിലും നീതിനിഷേധത്തിലും പ്രതിഷേധിച്ചു നടക്കുന്ന സഹനസമരം സഭ ഏറ്റെടുക്കും. സഭയ്ക്കു നീതി ലഭിക്കാൻ സഹായിക്കുന്നവരെ മാത്രമേ തിരിച്ചു സഹായിക്കേണ്ടതുള്ളൂ എന്ന പൊതുവികാരമാണ് യോഗത്തിൽ ഉണ്ടായതെന്ന് മലങ്കര സഭാ അസോസിയേഷൻ സെക്രട്ടറി ബിജു ഉമ്മൻ പറഞ്ഞു.

ശബരിമലയുടെ കാര്യത്തിൽ സുപ്രീം കോടതി വിധി അന്തിമമാണെന്നും അതെല്ലാവർക്കും ബാധകമാണെന്നും പറഞ്ഞ സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ മലങ്കര സഭയുടെ കാര്യത്തിലും അതേ നിലപാടു സ്വീകരിക്കാൻ ബന്ധപ്പെട്ടവരോടു നിർദേശിച്ചാൽ എല്ലാ പ്രശ്നങ്ങളും അവസാനിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് പ്രിൻസിപ്പലായി ചുമതലയേറ്റു.



കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരി പ്രിൻസിപ്പലായി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് ചുമതലയേറ്റു. ഫാ. ഡോ. ഒ. തോമസ് വിരമിക്കുന്ന ഒഴിവിലേക്കാണ് കഴിഞ്ഞ മാസം ചേർന്ന സഭാ സുന്നഹദോസ് അദ്ദേഹത്തെ നിയമിച്ചത്. പത്തു വർഷം സഭയുടെ വൈദിക ട്രസ്റ്റിയായി സേവനമനുഷ്ഠിച്ചിരുന്ന അദ്ദേഹം ഇപ്പോൾ സഭയുടെ ഔദ്യോഗിക വക്താവാണ്.

കോട്ടയം സെമിനാരിയിൽ നിന്നു തന്നെ തിയോളജിയിൽ ബിരുദവും, സുറിയാനി പിതാക്കന്മാരുടെ രചനകളെ അടിസ്ഥാനമാക്കി നടത്തിയ പഠനത്തിന് ലുവെയ്ൻ കാത്തലിക് യൂണിവേഴ്സിറ്റിയിൽ (ബൽജിയം) നിന്നും ഡോക്ടറേറ്റും കരസ്ഥമാക്കി. 1985 മുതൽ വൈദികസെമിനാരിയിൽ അദ്ധ്യാപകനായി പ്രവർത്തിക്കുന്നു. അന്തരിച്ച മലങ്കര മൽപ്പാൻ കോനാട്ട് അബ്രഹാം കശീശായുടെ പുത്രനാണ്. സഹധർമ്മിണി നിസി മുൻ മലങ്കര മൽപ്പാൻ ഞാർത്താങ്കൽ കോരത് കശീശായുടെ മകളാണ്. മക്കൾ ഫാ. പോൾ ജോൺ, സാമുവൽ ജോൺ. മരുമകൾ: നിക്കിത്ത പോൾ.

ആരാധനാ കലണ്ടർ

സ്ത്രീയേ, നിന്റെ രോഗബന്ധനം അഴിഞ്ഞിരിക്കുന്നു

ഡോ. ഗീവർഗീസ് മാർ യൂലിയോസ്



അനുഗ്രഹിക്കപ്പെട്ട ദൈവജനമെ,

രക്ഷാകരമായ വലിയ നോമ്പിന്റെ മദ്ധ്യത്തിൽ നമ്മുടെ കർത്താവിന്റെ വിജയ സ്ലീബാ വി. ദേവാലയത്തിൻ മദ്ധ്യത്തിൽ പ്രതിഷ്ഠിക്കപ്പെട്ടു കഴിഞ്ഞു. ഇനിയും നമ്മുടെ ആയുധവും കൊടിയടയാളവുമായ സ്ലീബായിൽ ദൃഷ്ടി പതിപ്പിച്ച് അതിന്റെ പാർശ്വങ്ങളിൽ അണിനിരന്നുകൊണ്ടാണ് വൈരിയായ സാത്താനെ എതിർത്തു തോല്പിക്കുവാനുള്ള നമ്മുടെ യാത്ര പുരോഗമിക്കുന്നത്. "ശക്തിയിൽ പരാക്രമനും യുദ്ധത്തിൽ പ്രബലനും ആകൽക്കറുസായോടു പോരാട്ടവും യുദ്ധവും ചെയ്തു ബലഹീനതയുള്ള ഞങ്ങളുടെ കുലത്തിനു ജയം നൽകുന്നവനുമായ കർത്താവേ' എന്ന് അഭിസംബോധന ചെയ്തുകൊണ്ടാണ് പ്രാർത്ഥന മുന്നേറുന്നത്.

'ചെകുത്താൻ കുരിശു കണ്ടതുപോലെ' എന്ന പ്രയോഗം വെറുതെ ഉണ്ടായതല്ല. സ്ലീബാ ഉയർത്തി നാട്ടപ്പെട്ട ഒരിടത്തും ഒരു പൈശാചികശക്തിക്കും ഒരു വിധത്തിലും കടന്നു കയറുവാൻ സാധിക്കുകയില്ല എന്നത് ഒരു വസ്തുതയാണ്. "കുരിശ് വരയ്ക്കണം, കുരിശ് ധരിക്കണം, കുരിശ് വഹിക്കണം" എന്ന് പിതാക്കന്മാർ നിഷ്കർഷിക്കുന്നത് കുരിശിന്റെ പ്രാമാണികശക്തി മനസ്സിലാക്കികൊണ്ടാണ് എന്ന് ഓർക്കണം.

പാപം രോഗത്തിന് ഹേതുവാകുന്നുവെന്നതിനാൽ പാപരോഗം എന്ന ഒരു പ്രയോഗം തന്നെ നമ്മുടെ ആരാധനക്രമങ്ങളിൽ ഏറെ സ്ഥാനം പിടിച്ചിട്ടുണ്ട്. ഇന്ന് ആധുനിക രോഗ നിർണ്ണയ പ്രക്രിയയിലും പാപം രോഗകാരണമാകുന്നുയെന്ന് വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നു. പാപം മാനസികവും ശാരീരികവുമായ രോഗങ്ങൾക്ക് മുഖാന്തിരമാവുകയും അതിന്റെ ഫലമായി നാം ആത്മമരണം പ്രാപിക്കുകയും ചെയ്യുന്നു. ഏദനിൽ ആദമിനും ഹവ്വായ്ക്കും സംഭവിച്ചത് ഈ ആത്മമരണമാണ്. അതിൽ നിന്നും മോചനം പ്രാപിക്കുവാനുള്ള ചികിത്സാ സംവിധാനമാണ് വി. നോമ്പ് എന്ന് പിതാക്കന്മാർ പഠിപ്പിക്കുന്നു.

പിതാക്കന്മാരുടെ ഒരു പ്രാർത്ഥനാഭാഗം ശ്രദ്ധിക്കുക: "മനുഷ്യകുലത്തിന്റെ സഹായിയും രക്ഷകനുമായ ദൈവമേ, പാപവികാരത്താൽ രോഗം പിടിപെട്ട ആത്മാക്കളുടെ സൗഖ്യത്തിനു വേണ്ടി നോമ്പാകുന്ന ഔഷധ ഭണ്ഡാരത്തിലേയ്ക്കു നീ ഞങ്ങളെ വഴിനടത്തി. ആത്മനിശ്വാസികളായ പ്രവാചകന്മാരും ദൈവികന്മാരായ അപ്പോസ്തോലന്മാരും വെടിപ്പോടു വിശുദ്ധിയോടും കൂടെ ഈ പരിശുദ്ധ നോമ്പ് അനുഷ്ഠിച്ചതിനാൽ ഏദൻതോട്ടത്തിൽ വച്ച് ഞങ്ങളുടെ പിതാവായ ആദാമിനെ വഞ്ചിച്ച ആകൽക്കറുസായെ തോല്പിച്ച് കീഴ്പെടുത്തി; ആകയാൽ പ. സഭയും പ. നോമ്പിനെ ആദരിക്കുകയും വിശുദ്ധിയോടെ അതിനെ പ്രമാണിക്കുകയും ചെയ്യുന്നു. അതിനാൽ ഞങ്ങൾ പ. റൂഹായുടെ ആലയങ്ങളായി തീരുന്നു; ആത്മശരീരങ്ങളുടെ വിഷമോഹങ്ങളെ ഞങ്ങൾ ജയിക്കുന്നു. അതിനാൽ കർത്താവിന്റെ ശക്തിപ്പെടുത്തുന്ന കൃപ ഞങ്ങളുടെ ബലഹീനതയിൽ ആവസിക്കുന്നു. വി. നോമ്പാൽ ഞങ്ങൾ ദൈവിക ദാനങ്ങൾക്ക് അർഹരാകുന്നു. അനുതപിക്കുന്ന പാപികളുടെ കടങ്ങൾ മോചിക്കപ്പെടുന്നു. വി. നോമ്പിന്റെ ജ്ഞാനം മൂലം മോശയുടെ മുഖംപോലെ ഞങ്ങളുടെ മുഖവും ശോഭിതമാകുന്നു. ആകയാൽ ഞങ്ങൾക്കുവേണ്ടി നോമ്പു നോക്കുകയും ഞങ്ങളെ ആയത് പഠിപ്പിക്കുകയും നോമ്പാകുന്ന ആയുധം ഞങ്ങൾക്ക് നൽകുകയും ചെയ്തവനെ ഞങ്ങൾ സ്തുതിക്കുന്നു.

സകലത്തെയും രൂപാന്തരപ്പെടുത്തുന്ന വി. നോമ്പിന്റെ ശക്തിയിൽ കർത്താവിന്റെ കൃപയാൽ കുഷ്ഠരോഗത്തിൽ നിന്നും തളർച്ചയിൽ നിന്നും മാനസിക വിഭ്രമങ്ങളിൽ നിന്നും മറ്റ് എല്ലാ രോഗാവസ്ഥകളിൽ നിന്നും രക്ഷപ്പെട്ട് രക്ഷാതുറമുഖമായ വി. സ്ലീബായുടെ മുമ്പിൽ നാം എത്തിയിരിക്കുകയാണ്. എന്നാൽ പാപകൂനിന്റെ അടിമയാണെങ്കിൽ സ്ലീബായിലേയ്ക്ക് ദൃഷ്ടി ഉയർത്തുവാൻ നമുക്ക് കഴിയാതെ വന്നേക്കാം. സ്വയംകൃതവും ഒപ്പം സമൂഹം നമുക്ക് ചാർത്തപ്പെട്ടു തരുന്നതുമായ പലവിധ പാപഭാരങ്ങളാൽ നടുവൊടിഞ്ഞ് കൂനിയ അവസ്ഥയിൽ നിന്നും നാം വിമോചിതരായെങ്കിൽ മാത്രമേ നിവർന്നു നിന്ന് സ്ലീബായിലേയ്ക്ക് നോക്കി രക്ഷപ്പെടുവാനും അതിനെ കുമ്പിട്ടു വന്ദിക്കുവാനും അതിന്റെ ശക്തിയാൽ മുന്നോട്ടു സഞ്ചരിക്കുവാനും അതിനെ ആയുധമാക്കി പൈശാചിക ശത്രുവിനെതിരെ യുദ്ധം ചെയ്യുവാനും നമുക്ക് കഴിയൂ.

പതിനെട്ടു സംവത്സരമായി കൂനിയിരുന്ന ഒരു പാവപ്പെട്ട സ്ത്രീയെ ഉദ്ധരിക്കുന്ന അതിമനോഹരമായ സംഭവമാണ് വി. നോമ്പിന്റെ അഞ്ചാം ഞായറാഴ്ചയിൽ ധ്യാനത്തിനായി പിതാക്കന്മാർ ക്രമീകരിച്ചിരിക്കുന്നത്. രോഗബന്ധനത്താൽ കൂനിയാക്കപ്പെട്ട സ്ത്രീ ഇന്നും സമൂഹമദ്ധ്യേ വലിയ ഒരു പ്രതീകമാണ്. 'അരുത്' എന്ന വിലക്കുകൾകൊണ്ട് അവളെ ബന്ധിക്കുന്ന കുടുംബവും സമൂഹവുമാണ് ഇന്നും അവളുടെ ചുറ്റും കാണുന്നത്. അവൾ കൂടുതൽ കുനിയട്ടെ എന്നാണ് പൊതു പ്രമാണം എന്ന് തോന്നുന്ന അവസ്ഥ. "നാ സ്ത്രീ സ്വാതന്ത്ര്യമർഹതി" എന്ന മനു ആചാര്യന്റെയും 'സ്ത്രീ സമൂഹത്തിൽ മിണ്ടാതിരിക്കട്ടെ' എന്ന വി. പൗലോസ് ശ്ലീഹായുടെയും വാക്കുകൾ അവർ ഉദ്ധരിച്ച് യഥാർത്ഥ അർത്ഥത്തിൽ നിന്നും വ്യതിചലിച്ച് ഉദ്ധരിക്കുന്നതിൽ വ്യഗ്രത കാണിക്കുന്നവർ അവളുടെ കൂനിനെ നിവർത്തിയ കർത്താവിനെ പലപ്പോളും കാണാതെ പോവുകയും "സ്ത്രീയേ നിന്റെ രോഗബന്ധനം അഴിഞ്ഞിരിക്കുന്നു; ഉണരുക, എഴുന്നേല്ക്കുക, മുന്നോട്ടു സഞ്ചരിക്കുക. ലക്ഷ്യത്തിലെത്തുക എന്ന ആഹ്വാനങ്ങൾ കാണാതെ പോകുന്നു. സ്ത്രീ വിമോചനവാദികളിൽ ഭൂരിപക്ഷവും സത്യത്തിൽ അവളുടെ കൂനിനെ വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. അവളിലേക്ക് കുനിയുവാനും അവളെ കാണുവാനും പ്രതീക്ഷയുടെ വാക്കുകളാലും സഹായഹസ്തങ്ങളാലും അവളെ ഉദ്ധരിക്കുവാനും കഴിയണമെങ്കിൽ നാം ക്രിസ്തുവിന്റെ അനുഭവമുള്ളവരാകണം. പാപത്താൽ തല കുനിഞ്ഞിരുന്ന, സമൂഹം അവളിൽ ആരോപിച്ച കുറ്റങ്ങളാൽ വിറളി പൂണ്ട് കൂനിയിരുന്ന എത്ര സ്ത്രീകളെയാണ് അവൻ ഉദ്ധരിച്ചത്. "സ്ത്രീയേ ഞാനും നിന്നെ വിധിക്കുന്നില്ല; പോക ഇനിയും പാപം കൂടാതെ ജീവിക്കുക" എന്ന കർത്താവിന്റെ കല്പനയും തന്റെ കാൽ കണ്ണുനീർ കൊണ്ട് കഴുകി മുടികൊണ്ട് തുടച്ച സ്ത്രീയെ തോളിൽ പിടിച്ച് എഴുന്നേല്പിച്ച് സമൂഹത്തിൽ നിവർത്തി നിർത്തിയ കർത്താവിനെയും നാം കാണാതെ പോകുന്നുവെങ്കിൽ നമ്മുടെ നോമ്പ് നമസ്ക്കാരങ്ങൾ വ്യർത്ഥം എന്നേ വരൂ.

സ്ത്രീ ശ്രേഷ്ഠയും ബഹുമാന്യയുമായി കാണപ്പെടണമെന്നു തന്നെയാണ് മനു ആചാര്യനും വി. പൗലോസ് ശ്ലീഹായുമൊക്കെ പഠിപ്പിക്കുന്നത്. കൗമാരത്തിൽ പിതാവിനാലും യൗവനത്തിൽ ഭർത്താവിനാലും വാർദ്ധക്യത്തിൽ മക്കളാലും അവർ സംരക്ഷിക്കപ്പെടണം; അവൾ ഉപേക്ഷിതയാകരുത് എന്നാണ് മനുധർമ്മം പഠിപ്പിക്കുന്നത്. സ്വാതന്ത്ര്യം എന്ന പദത്തിന്റെ ഒരു അർത്ഥം മാത്രം അറിയുന്നവർ സ്ത്രീയെ കൂടുതൽ കൂനിയാക്കുവാൻ മനുസ്മൃതിയെ കൂട്ടുപിടിക്കുന്നുവെന്ന് മാത്രം. സ്ത്രീ സ്വാതന്ത്ര്യത്തിനുവേണ്ടി എഴുതുകയും സ്ത്രീകളെ പേർ ചൊല്ലി സംബോധന ചെയ്യുകയും ബഹുമാനിക്കുകയും ചെയ്യുന്ന അനേക ഭാഗങ്ങൾ വി. പൗലോസിന്റെ ലേഖനങ്ങളിൽ ഉള്ളത് ബോധപൂർവ്വം കാണാതിരിക്കുന്നവരാണ് അവളെ കൂനിയാക്കുവാൻ കൂട്ടു നിൽക്കുന്നത് എന്ന് ഓർക്കണം.

'സ്ത്രീ അവമതിക്കപ്പെടുമ്പോൾ സ്വർഗ്ഗം കരയുന്നു' എന്ന് ഒരു പ്രമാണമുണ്ട്. അവളെ സംശയിക്കുന്നവന്റെ മുന്നിൽ അവൾ അഗ്നിശുദ്ധി പ്രാപിച്ച് എഴുന്നേറ്റു നില്ക്കുന്ന ചിത്രം രാമായണ മഹാകാവ്യം മുതൽ നാം കാണുന്നുണ്ട്. ഒപ്പം സംശയിച്ചവന്റെ മുന്നിൽ അവന്റെ നീതീകരണത്തിനുവേണ്ടി പാവയായി ആടുന്നതിന് പകരം അവൾ ഭൂമി പിളർന്ന് സ്വർഗ്ഗത്തിലേയ്ക്ക് എടുക്കപ്പെടുന്ന അനുഭവമാണ് കുലീന സ്ത്രീയായ സീതാദേവിയിൽ കാണുന്നത്.

നിന്നെ വഹിച്ച ഉദരവും നീ കുടിച്ച മുലകളും അനുഗ്രഹിക്കപ്പെട്ടത് എന്ന് വി. മാതാവിനെ സാക്ഷിക്കുന്ന ശ്രേഷ്ഠമായ സംഭവങ്ങൾ വി. ഗ്രന്ഥത്തിൽ ഉടനീളം ഉണ്ടെന്നും ഓർക്കണം. ചുരുക്കത്തിൽ സ്ത്രീത്വത്തെ ആദരിക്കുവാനും ആവശ്യമുള്ളപ്പോൾ ഒരു കൈ സഹായിക്കുവാനും സമൂഹത്തിൽ ഉയർന്ന

സ്ഥാനം നൽകുവാനും നമുക്ക് സാധിക്കണം എന്ന വലിയ പാഠമാണ് കർത്താവ് നൽകുന്നത്. കേവലം ഒരു സ്ത്രീയുടെ കൂന് നിവർത്തി ഒരു അത്ഭുതം കാണിച്ചുവെന്നതിനേക്കാൾ വലിയ പ്രാധാന്യം ഈ സംഭവത്തിന് ഉണ്ട്.

പ്രിയമുള്ളവരേ,

വലിയ നോമ്പിന്റെ കൂടുതൽ ഗൗരവമുള്ള ദിവസങ്ങളിലേയ്ക്ക് നാം അടുക്കുകയാണ്. പൂർണ്ണമായും അവനിൽ ശരണം പ്രാപിച്ച് മുന്നോട്ടു പോകുവാൻ ഇടയാകണം. ചൂടും ഉഷ്ണവും കൂടുമ്പോൾ ശരീരത്തിന് കൂടുതൽ തളർച്ചയുണ്ടാകാം. എന്നാൽ ഭക്ഷണമോഹത്തെ തോല്പിക്കുവാൻ സാധിക്കണം. കഠിന സാഹചര്യങ്ങളെ ക്രിസ്തുവിൽ ആശ്രയിച്ച് അതിജീവിക്കുവാൻ പഠിക്കുമ്പോഴാണ് നാം ആത്മിക വളർച്ച പ്രാപിക്കുന്നത്.

ദൈവത്തിന്റെ പ. സഭയും ഏറ്റവും പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന സമയമാണല്ലോ ഇത്. നീതിപീഠങ്ങളിൽ നിന്നും ഉണ്ടാകുന്ന തീരുമാനങ്ങളെ നിഷേധിക്കുകയും നിരാകരിക്കുകയും ചെയ്തുകൊണ്ട് സഭയെ ഉപദ്രവിക്കുന്നവരോടൊപ്പം ചിലപ്പോഴൊക്കെ സ്വാർത്ഥമോഹങ്ങളോടെ ഭരണകൂടവും പ്രവർത്തിക്കുന്നത് കാണുമ്പോൾ ദുഃഖം തോന്നാം. എന്നാൽ നിയമ മാർഗ്ഗങ്ങളിലൂടെയും പ്രാർത്ഥനയിലൂടെയും മാത്രമേ നാം അതിനെ അഭിമുഖീകരിക്കാവൂ. അല്ലാത്തവിധം ധിക്കാരപരമായി പ്രവർത്തിച്ചാൽ സമൂഹമദ്ധ്യേ പ. സഭയുടെ സാക്ഷ്യം നഷ്ടപ്പെടുകയും ദൈവനാമം ദുഷിക്കപ്പെടുവാൻ ഇടയാവുകയും ചെയ്യുമെന്ന് ഓർക്കണം.

പ. ബാവാ തിരുമേനിയെയും അഭിവന്ദ്യ മെത്രാപ്പോലീത്തന്മാരെയും വന്ദ്യ വൈദിക സമൂഹത്തെയും നിങ്ങൾ സദാ പ്രാർത്ഥനയിൽ ഓർക്കണം. നിങ്ങളുടെ പ്രാർത്ഥനയാണ് ബലഹീനതയിൽ ഞങ്ങളെ ശക്തീകരിക്കുന്നത്. വിശ്വാസികളെ ഓർത്ത് എന്നും എപ്പോഴും പ്രാർത്ഥിക്കുവാനുള്ള കടമ വൈദികർക്കും ഉണ്ട് എന്ന് അറിയാമല്ലോ.

ദൈവം അനുഗ്രഹിക്കട്ടെ.

ക്രിസ്തുവിൽ നിങ്ങളുടെ ഇടയൻ.

❑

കേരള യുണിവേഴ്സിറ്റിയിൽ നിന്നും മനശാസ്ത്രത്തിൽ Doctorate നേടിയ എയ്ഞ്ചൽ തോമസ് (കൊല്ലശ്ശേരിൽ തെക്കേതിൽ, കുളനട) ഫാ. പ്രദീപ് ഉമ്മൻ ഫിലിപ്പിന്റെ (തൃശ്ശൂർ ഭദ്രാസനം) ഭാര്യയാണ്. കുളനട, മാന്തളിർ സെന്റ് തോമസ് ഓർത്തഡോക്സ് ഇടവക അംഗമായ എയ്ഞ്ചൽ ഇപ്പോൾ ചങ്ങനാശ്ശേരി ക്രിസ്തുജ്യോതി കോളജ് മനഃശാസ്ത്ര വിഭാഗം മേധാവിയാണ്. മകൾ: മറിയം എൽസ പ്രദീപ്.

ബൈബിൾ ക്വിസ്

(ഉൽപ്പത്തി 38-41)

ഫാ. റെജു എബ്രഹാം, മൗണ്ട് അബു

1. യാക്കോബിന്റെ എത്ര മക്കൾ ധാന്യം കൊള്ളുവാൻ മിസ്രയീമിലേക്ക് പോയി? ((42:3)
2. യോസഫിന്റെ സഹോദരങ്ങൾ അവരിൽ ആരെയാണ് മിസ്രയീമിൽ വിട്ടേച്ചു പോന്നത്? (42:33)
3. നിങ്ങൾ എന്റെ നരയെ ദുഃഖത്തോടെ പാതാളത്തിലേക്ക് ഇറങ്ങുമാറാക്കും. എന്നു പറഞ്ഞത് ആര്? (42:38)
4. ഞങ്ങളുടെ സഹോദരനെ ഞങ്ങളുടെ കൂടെ അയച്ചാൽ ആഹാരം വാങ്ങികൊണ്ടുവരാം എന്നു യാക്കോബിനോട് പറഞ്ഞത് ആര്? (43:4)
5. ആരെ കണ്ടപ്പോൾ ആണ് ജോസഫിനു കരച്ചിൽ വന്നത്? (43:30)
6. മറ്റുള്ളവരെക്കാൾ കൂടുതൽ എത്ര ഓഹരിയാണ് ബെന്യാമിന് യോസഫ് കൊടുത്തയച്ചത്? (43:34)
7. ആരുടെ ചാക്കിന്റെ വായ്ക്കൽ നിന്ന് ആണ് യോസഫിന്റെ പാനപാത്രം കണ്ടുപിടിച്ചത്? (44:12)
8. ബന്യാമീനു പകരം അടിമയായിക്കൊള്ളാം എന്ന് യോസഫിനോട് പറഞ്ഞത് ആര്? (44:33)
9. യോസഫിന്റെ ഇളയസഹോദരന്റെ പേര്? (45:12)
10. യോസഫ് ബെന്യാമീന് എത്ര വെള്ളിക്കാശ് കൊടുത്തു? (45:22)

ഉത്തരങ്ങൾ

1. 10
2. ശിമെയോൻ
3. യാക്കോബ്
4. യഹൂദാ
5. ബെന്യാമീൻ
6. അഞ്ചിരട്ടി
7. ബെന്യാമീൻ
8. യഹൂദാ
9. ബെന്യാമീൻ
10. 300

ഗാല സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയിൽ പാതി നോമ്പിനോട് അനുബന്ധിച്ചു നടന്ന വി. കുർബാന ഭദ്രാസന അധിപൻ അഭി. ഡോ. ഗീവർഗീസ് മാർ യൂലിയോസ് തിരുമേനിയുടെ മുഖ്യകാർമികത്വത്തിൽ നടന്നു

പ. പാമ്പാടി തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് എല്ലാ വർഷവും നടത്തപ്പെടുന്ന സുറിയാനി കുർബ്ബാന പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ എം. പി. ജോർജ്ജ് അച്ചന്റെ കാർമ്മികത്വത്തിലും കോട്ടയം പഴയസെമിനാരി ശെമ്മാശന്മാരുടെ സഹകരണത്തിലും നടത്തപ്പെട്ടു.

പുസ്തകം

മാർ ദീവന്നാസ്യോസ് ആറാമന്റെ മർദീൻ യാത്ര

148 പേജുകൾ
വില 100 രൂപ
MOC Publications
കോട്ടയം,
പരുമല



സഭാപിതാക്കന്മാർ

വാൾമുനി ആകാഞ്ഞ മാമുനി

ഫാ. ഡോ. ജേക്കബ് കുര്യൻ

"വാൾമുനി" എന്നു പറഞ്ഞാൽ വാൾ സൂക്ഷിക്കുന്ന മുനി എന്നു സൂചന. പണ്ടൊരു മാമുനി വാൾമുനി ആയി തപശ്ശക്തി കളഞ്ഞുകുളിച്ച കഥ, വാല്മീകി രാമായണം ആരണ്യകാണ്ഡം ഒൻപതാം സർഗത്തിൽ പറയുന്നു: മാമുനി തപശ്ചര്യകളിൽ അഗ്രഗണ്യനായി. അദ്ദേഹത്തെ ഒന്നു പരിശോധിക്കുവാൻ ഇന്ദ്രൻ തീരുമാനിച്ചു. ഒരു വാളുമായി യോദ്ധാവിന്റെ വേഷത്തിൽ അദ്ദേഹം മുനിയുടെ അടുക്കലെത്തി. തന്റെ വാൾ കുറെക്കാലം സൂക്ഷിക്കണമേ എന്നപേക്ഷിച്ചു. മുനി സമ്മതിച്ചു. യോദ്ധാവ് പോയി. പിന്നീട് മുനിയുടെ ശ്രദ്ധ വാൾ സൂക്ഷിക്കുന്നതിലായി. അങ്ങനെ മാമുനി, വാൾമുനിയായി. മുനി പയ്യെപ്പയ്യെ വാൾ മിനുക്കി വെയ്ക്കുന്നതിലും വാൾ മോഷ്ടിക്കുവാൻ സാധ്യതയുള്ളവരെന്ന് കരുതിയവരെയെല്ലാം അകറ്റിനിർത്തുന്നതിലും ഉള്ളിൽ പലരെയും ശത്രുക്കളായി കാണുന്നതിലും ശ്രദ്ധിച്ചു. സാവധാനം വ്രതാനുഷ്ഠാനങ്ങളിൽ താൽപര്യം കുറഞ്ഞു തപശ്ശക്തി താനറിയാതെ നഷ്ടമായി.

ഇതുപോലെ പല മുനിമാർക്കും സംഭവിച്ചുപോകുന്നു. വാളിന്റെ സ്ഥാനത്ത് എങ്ങനെയോ വന്നുചേർന്ന സമ്പത്തും അധികാരവും സ്ഥാപനങ്ങളും മുഖസ്തുതി ബലവും ഒക്കെ ആകുന്നുവെന്നു മാത്രം. ഇവിടെയാണ് യേശുതമ്പുരാന്റെ വചനം മൂർച്ചയുള്ളതാകുന്നത്. "തന്റെ ജീവനെ കണ്ടെത്തിയവൻ അതിനെ കളയും; എന്റെ നിമിത്തം തന്റെ ജീവനെ കളഞ്ഞവൻ അതിനെ കണ്ടെത്തും" (മത്തായി 10:39).

പാമ്പാടി തിരുമേനിയുടെ ജീവിതസുഗന്ധം ദൈവത്തെ മുൻനിർത്തി ലോകപ്രകാരമുള്ള ഒരു ജീവനെ കളഞ്ഞതും യേശുതമ്പുരാന്റെ വചനപ്രകാരമുള്ള ഒരു ജീവനെ കണ്ടെത്തിയതുമാണ്. വാൾമുനി ആകാഞ്ഞ മാമുനിയുടെ കഥയാണ് ആ ജീവിതം. അതിന്റെ ഒരു ദൃഷ്ടാന്തത്തിലേക്ക് കടക്കാം.

പാമ്പാടി തിരുമേനിയുടെ ജീവചരിത്രം ആധികാരിക തെളിവുകളുടെ അടിസ്ഥാനത്തിൽ രചിച്ച മനോഹരഗ്രന്ഥമാണ് പ്രൊഫ. കെ. എം. കുര്യാക്കോസ് എഴുതിയ "പാമ്പാടി തിരുമേനി." പ്രസ്തുത ഗ്രന്ഥത്തിൽ "കനകം കണ്ടാൽ മനമിളകാ" എന്ന ശീർഷകത്തോടെ ഒരു സംഭവം ഇപ്രകാരം വിവരിക്കുന്നു:

"പാമ്പാടി തിരുമേനി കുന്നംകുളത്തു വന്ന വിവരവും മഹാവ്യാധി നിശ്ശേഷം നീങ്ങിയ വിവരവുമറിഞ്ഞ് കൊച്ചി മഹാരാജാവ് സന്തുഷ്ടനായി. തന്റെ പ്രജകളെ മരണവക്ത്രത്തിൽ നിന്നു രക്ഷിച്ച മാമുനിയെ കാണണമെന്ന് അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചു. വിവരം ലഭിച്ചതിനെത്തുടർന്ന് തിരുമേനി രാജകൊട്ടാരത്തിലെത്തി മഹാരാജാവിനെ സന്ദർശിച്ചു. കുശലപ്രശ്നങ്ങൾക്കും സൽക്കാരങ്ങൾക്കും ശേഷം, തന്നെയും കുടുംബാംഗങ്ങളേയും അനുഗ്രഹിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഭക്ത്യാദരപുരസ്സരം നമ്രശിരസ്കനായി നിന്ന മഹാരാജാവിന്റെ ശിരസ്സിൽ സ്ലീബാ വച്ചു പ്രാർത്ഥിച്ചു തിരുമേനി അദ്ദേഹത്തെ അനുഗ്രഹിച്ചു. രാജകുടുംബാംഗങ്ങൾ ഓരോരുത്തരായി ഇറങ്ങിവന്നു. തിരുമേനി എല്ലാവരെയും അനുഗ്രഹിച്ചു. മടക്കയാത്രയ്ക്കൊരുങ്ങുമ്പോൾ പട്ടിൽ പൊതിഞ്ഞ ഒരു കിഴിക്കെട്ട് തിരുമേനിക്ക് ഉപഹാരമായി സമർപ്പിക്കപ്പെട്ടു. അതെന്താണെന്നന്വേഷിച്ചപ്പോൾ കുറെ സ്വർണ്ണമാണെന്നും മാമുനിക്ക് ഉപഹാരമായി സമർപ്പിച്ചതാണെന്നും അറിയിച്ചു. ആ ത്യാഗിവര്യന്റെ മറുപടി ഇപ്രകാരമായിരുന്നു. പാവങ്ങൾക്ക് പ്രയോജനമുണ്ടാകുന്ന ഏതെങ്കിലും കാര്യത്തിന് ഇതു വിനിയോഗിച്ചാൽ എനിക്ക് ലഭിച്ചതായി കണക്കാക്കപ്പെടും. അദ്ദേഹം ആ സ്വർണ്ണക്കിഴി തിരിച്ചേൽപിച്ചശേഷം മടക്കയാത്രയായി."

പാമ്പാടി തിരുമേനിയുടെ ആ മടക്കയാത്ര എത്ര ശാന്തഗംഭീരമായിരുന്നിരിക്കണം! അതേ സമയം. ആ രാജകുടുംബത്തിന്റെ വിസ്മയം എത്ര വിശേഷമായിരുന്നിരിക്കണം! രാജകുടുംബത്തെ സംബന്ധിച്ചിടത്തോളം വാങ്ങാൻ വരുന്നവരെ അല്ലാതെ കൊടുക്കാൻ വരുന്നവരെ അധികം കണ്ടിട്ടില്ലല്ലോ. ഇപ്പോഴിതാ രാജസമ്മാനം തിരിച്ചുകൊടുക്കുന്ന മാമുനി. ഇതിനു സമാനമായ



ഒരു സംഭവം ബൈബിളിൽ രാജാക്കന്മാരുടെ രണ്ടാം പുസ്തകം അഞ്ചാം അദ്ധ്യായത്തിൽ കാണാം. സംഭവത്തിന്റെ ചുരുക്കം ഇതാണ്: അരാം രാജാവിന്റെ സേനാപതിയായിരുന്ന നയമാനെ എലീശ എന്ന മാമുനിയായ പ്രവാചകൻ കുഷ്ഠരോഗത്തിൽനിന്നു സൗഖ്യമാക്കി. സൗഖ്യമായ നയമാൻ സ്വർണ്ണവും വെള്ളിയും വിലകൂടിയ വസ്ത്രങ്ങളും സമ്മാനമായി എലീശയ്ക്കു മുമ്പിൽ വയ്ക്കുവാൻ വന്നു. എലീശ ഒന്നും വാങ്ങിയില്ല. അത്ഭുതത്തോടെ തിരിച്ചു പോകുവാൻ ഒരുങ്ങുമ്പോൾ നയമാന്റെ മനസ്സ് ഒരു പോരാട്ടത്തിലായിരുന്നു. ആ പോരാട്ടത്തിനവസാനം, തന്റെ പൊന്നിനേക്കാൾ വിലയുള്ളത് ആ മാമുനി ചവിട്ടിയ മണ്ണാണെന്ന് തിരിച്ചറിഞ്ഞ്, അവിടെനിന്ന് കുറച്ച് മണ്ണ് ദാനം ചോദിച്ചു വാങ്ങി തിരിച്ചു പോയി.

പാമ്പാടി തിരുമേനി പ്രതിനിധാനം ചെയ്യുന്ന ജീവിതാന്തസ്സ് നമ്മുടെ കാലഘട്ടത്തിനു നൽകുന്ന ക്രിയാത്മക വെല്ലുവിളികൾ ഗൗരവമായിട്ടെടുക്കുകയാണ് ആ പുണ്യസ്മരണയോടുള്ള നമ്മുടെ കടപ്പാട്. നമ്മുടെ കാലഘട്ടത്തിൽ മത

മില്ലാത്ത ജീവനെ തിരയുന്ന പലരും ജീവനില്ലാത്ത മതത്തിന്റെ സന്തതികളാണെന്ന് സ്വയം തിരിച്ചറിയുവാൻ വൈകിപ്പോകുന്നു. ജീവനുള്ള മതത്തിന്റെ പരികർമിയായിരുന്നു പാമ്പാടി തിരുമേനി. നമ്മുടെ കാലഘട്ടത്തിൽ അവകാശ സമരങ്ങളിൽകൂടി, അടിച്ചമർത്തപ്പെട്ടവരുടെ വിമോചനം ആഘോഷിക്കുന്നുവെന്ന് അവകാശപ്പെടുന്നവരിൽ പലരും സമരത്തെ അവകാശവും ജീവിതമാർഗവുമായി ആഘോഷിച്ചുകൊണ്ട് അടിസ്ഥാനജീവിത സ്വാതന്ത്ര്യത്തെ അടിച്ചമർത്തുകയാണെന്ന് സ്വയം തിരിച്ചറിയുവാൻ വൈകിപ്പോകുന്നു. സർവജീവജാലങ്ങളുടെയും അടിസ്ഥാനജീവിത സ്വാതന്ത്ര്യത്തെ പരിപോഷിപ്പിച്ച മനുഷ്യസ്നേഹിയായിരുന്നു പാമ്പാടി തിരുമേനി. നമ്മുടെ കാലഘട്ടത്തിൽ യോഗ്യതയുടെ പരിവേഷം അണിഞ്ഞ് നൂറു നന്മയ്ക്കിടയിൽ വഴിതെറ്റിയ ഒന്നിനെ തിരഞ്ഞുപിടിച്ച് തൊണ്ണൂറ്റൊമ്പത് നന്മയെയും തിന്മയാക്കി ചിത്രീകരിക്കുന്നവരിൽ പലരും നൂറു തിന്മകളിൽ തൊണ്ണൂറ്റൊമ്പതിന്റെയും ഉടമകളാണെന്ന് സ്വയം തിരിച്ചറിയുവാൻ വൈകിപ്പോകുന്നു. വഴിതെറ്റിയ ഒന്നിനെപ്രതി വഴിതെറ്റാത്ത തൊണ്ണൂറ്റൊമ്പതിനെയും തെറ്റിദ്ധരിക്കാതിരിക്കയും വഴിതെറ്റിയതിനെ തിരിച്ചുവരുത്താൻ ഉത്സാഹിക്കുകയും ചെയ്യുന്ന വിവേകമായിരുന്നു പാമ്പാടി തിരുമേനിയുടെ ഇടയത്വശ്രേഷ്ഠത.

പാമ്പാടി തിരുമേനി പിൻതലമുറകൾക്കു നൽകിയ ഉപദേശങ്ങളിൽ പലതും നമ്മുടെ കാലഘട്ടത്തിന് പ്രത്യേകം പ്രസക്തമാണ്.

1. മതം രുചിച്ചറിയുവാനുള്ളതാണ്. ബൗദ്ധികമായി വിലയിരുത്തുവാനുള്ളതല്ല. അദ്ദേഹം പറഞ്ഞു: ഒരു വെള്ളക്കടലാസിൽ പഞ്ചസാര എന്നെഴുതിയിട്ട് അതു നക്കിനോക്കിയാൽ പഞ്ചസാരയുടെ മാധുര്യം മനസ്സിലാകുമോ? പഞ്ചസാര രുചിച്ചുനോക്കിയാൽ മാത്രമേ അതിന്റെ മാധുര്യം മനസ്സിലാക്കാൻ സാധിക്കൂ. ദൈവത്തെക്കുറിച്ചുള്ള ചിന്ത പലർക്കുമുണ്ടെങ്കിലും ദൈവത്തെ അനുഭവിച്ചറിയുവാൻ സാധിക്കാതെ പോകുന്നുവെന്നതാണ് പരമാർത്ഥം. യഹോവ നല്ലവനെന്ന് രുചിച്ചറിവിൻ.

2. കലഹം സാത്താനാണ്. പാമ്പാടി തിരുമേനി പറഞ്ഞു: കുഞ്ഞുങ്ങളെ, നോമ്പിലും ഉപവാസത്തിലും പ്രാർത്ഥനയിലുമല്ലാതെ കലഹക്കാരനായ സാത്താനെ തോൽപ്പിക്കുവാൻ നമുക്ക് സാധിക്കുന്നതല്ല.

3. പൊതുപ്രവർത്തനത്തിന്റെ യോഗ്യത, സ്വന്തം അയോഗ്യതാബോധ്യം. പാമ്പാടി തിരുമേനി പറഞ്ഞു: ബഹുമതിക്കും പ്രശംസയ്ക്കും ഒന്നിനും നാം അർഹനല്ല. വ്യക്തിപരമായി ഈ സ്ഥാനത്തിന് നാം യോഗ്യനുമല്ല. പേഴമറ്റത്തു പിറന്ന ഒരു പാവപ്പെട്ടവനാണെന്നുള്ളതാണ് നമ്മുടെ തനിനിറം. ഒരു കുപ്പായം വാങ്ങിക്കാൻ പോലും നിവൃത്തിയില്ലാത്ത പാവപ്പെട്ടവൻ. എന്നാൽ നമുക്ക് അഭിമാനിക്കുവാൻ വകയുണ്ട്. കാതലായ വിശ്വാസം കാത്തുസൂക്ഷിക്കയും ആ വിശ്വാസം നിലനിർത്തുന്നതിനുവേണ്ടി പ. പിതാക്കന്മാർ തങ്ങളുടെ ജീവനെ ബലികൊടുക്കയും ചെയ്തിട്ടുള്ള ദൈവത്തിന്റെ പരിശുദ്ധ സഭയിലെ ഒരംഗമാണെന്നുള്ളതിൽ നമുക്ക് അഭിമാനത്തിനു വകയുണ്ട്.

(മലയാള മനോരമ, ഏപ്രിൽ 12, 2009)

ലേഖനം

സന്യാസ പ്രസ്ഥാനവും പരിസ്ഥിതി സൗഹൃദവും

ഫാ. ഡോ. കെ. എം. ജോർജ്ജ്

ക്രിസ്തീയ സഭയിൽ കിഴക്കും പടിഞ്ഞാറും വികസിച്ച സന്യാസ പ്രസ്ഥാനത്തിന്റെ ദീർഘവും സങ്കീർണ്ണവുമായ ചിത്രം ഒരൊറ്റ ഫ്രെയിമിലാക്കി നോക്കിയാൽ, പെട്ടെന്ന് നമ്മുടെ ശ്രദ്ധയിൽ പെട്ടേക്കാവുന്ന ഏഴു തരം 'സ്നേഹ'ങ്ങളെക്കുറിച്ച് ആദ്യമേ സൂചിപ്പിക്കട്ടെ. ഈ 'സ്നേഹ'ങ്ങളെല്ലാം തമ്മിൽ ഗാഢമായി ബന്ധപ്പെട്ടതും പരസ്പരപൂരകങ്ങളുമാണ്. എങ്കിലും ചില കാലങ്ങളിലും ചില സ്ഥലങ്ങളിലും ചിലതിന് പ്രത്യേക ഊന്നൽ ലഭിക്കുന്നതായി കാണാം.

1. ദൈവത്തോടുള്ള സ്നേഹം (Love of God).
2. സന്യാസ സമൂഹത്തിലെ സഹോദരങ്ങളോടുള്ള സ്നേഹം (Love of the Brethren).
3. സുവിശേഷത്തോടുള്ള സ്നേഹം (Love of Gospel).
4. പ്രകൃതിയോടുള്ള സ്നേഹം (Love of Nature).
5. അക്ഷരത്തോടുള്ള സ്നേഹം (Love of Letters).
6. പാവങ്ങളോടുള്ള സ്നേഹം (Love of the Poor).
7. മൗനത്തോടുള്ള സ്നേഹം (Love of Silence).

ഇതിൽ ഇവിടെ പ്രത്യേകമായി പറയുവാൻ തിരഞ്ഞെടുത്തിരിക്കുന്ന വിഷയം "സന്യാസവും പ്രകൃതി സ്നേഹവും" (Love of Nature) ആണ്. മറ്റുള്ളവയെക്കുറിച്ച് തൽക്കാലം ഒന്നു സൂചിപ്പിക്കുക മാത്രം ചെയ്യുന്നു.

ദൈവസ്നേഹം (Love of God)

സന്യാസജീവിതത്തിന്റെ ആദിപ്രചോദനവും ആത്യന്തിക ലക്ഷ്യവും ദൈവസ്നേഹത്തെ സാക്ഷാത്ക്കരിക്കുകയാണ്. സന്യാസത്തിന്റെ എല്ലാ ഉത്തമമാനങ്ങളും ഉരുത്തിരിയുന്നത് ദൈവത്തോടുള്ള അചഞ്ചലമായ സ്നേഹത്തെ പൂർത്തീകരിക്കാനുള്ള ശ്രമത്തിലാണ്. ഇംഗ്ലീഷിൽ Quest for God എന്നു പറയാവുന്ന ആത്മാവിന്റെ ദിവ്യദാഹം നമ്മുടെ സ്രഷ്ടാവും ജീവന്റെ ഉറവയുമായ ദൈവത്തിനു വേണ്ടിയാണ്. ജീവിതത്തിൽ മറ്റുള്ള എല്ലാ അഭിലാഷങ്ങളേക്കാൾ അടിയന്തിരവും അനുപേക്ഷണീയവുമായി ഒരാൾ ഈ ദൈവാഭിലാഷത്തെ കരുതുമ്പോൾ അയാൾ സന്യാസിയാവുന്നു.

സഹോദരസ്നേഹം (Love of Brethren)

ഒരു സന്യാസ സമൂഹത്തിൽ അംഗമായ സന്യാസിയുടെ ആത്മീയതയുടെ ആദ്യത്തെ ഉരകല്ല്, തന്നോടൊപ്പം ജീവിക്കുന്ന സഹോദരങ്ങളെ താൻ എങ്ങിനെ സ്നേഹിക്കുന്നു, കരുതുന്നു എന്നതിലാണ്. ഏകാന്തജീവിതത്തേക്കാൾ സന്യാസസമൂഹ ജീവിതത്തിന് കൈസര്യയിലെ വിശുദ്ധനായ ബസേലിയോസും മറ്റും കൂടുതൽ പ്രാധാന്യം കൊടുത്തത് ഈ അടിസ്ഥാനത്തിലാണ്.

സുവിശേഷത്തോടുള്ള സ്നേഹം (Love of the Gospel)

സുവിശേഷം ലോകം മുഴുവൻ പ്രചരിച്ചതിൽ സന്യാസ പ്രസ്ഥാനത്തിന് ആഴമായ പങ്കുണ്ട്. സുറിയാനിക്കാരും ഐറിഷ്കാരും ഗ്രീക്കുകാരുമായ ആദ്യകാല മിഷനറിമാർ സന്യാസപ്രസ്ഥാനത്തിന്റെ സന്താനങ്ങളായിരുന്നു. കൊളോണിയൽ കാലഘട്ടത്തിൽ, റോമൻ കത്തോലിക്കാ സഭ തുടങ്ങിവച്ച ആഗോള മിഷണറി പ്രസ്ഥാനം ഫാൻസിസ്ക്കൻ, ഡൊമിനിക്കൻ, കർമ്മലീത്താ, ജെസ്വിറ്റ് തുടങ്ങിയ സന്യാസ സമൂഹങ്ങളുടെ പ്രവർത്തനമായിരുന്നു. സന്യാസ ജീവിതത്തിന്റെ വിവിധ വശങ്ങളെ ആർദ്രവും ക്രിസ്തീയവുമാക്കിയത് കർത്താവായ യേശുക്രിസ്തുവിന്റെ ജീവൻ നൽകുന്ന സുവിശേഷത്തോടുള്ള ആഴമായ സ്നേഹവും പ്രതിബദ്ധതയും ആയിരുന്നു.

അക്ഷരത്തോടുള്ള സ്നേഹം (Love of Letters)

ജനസാമാന്യം ബഹുഭൂരിപക്ഷവും നിരക്ഷരരായിരുന്ന കാലത്ത് സന്യാസിമാർ അക്ഷരത്തിന്റെ ആത്മീയതയും അനശ്വരതയും (അക്ഷരം - ക്ഷരമില്ലാത്തത്, നാശമില്ലാത്തത്) കണ്ടെത്തി. ജീവന്റെ വചനം വ്യാഖ്യാനിക്കാനും ഉൽഘോഷിക്കാനും അക്ഷരത്തിന്റെ സഹായം തേടി. സഭയുടെ ആരാധനാക്രമങ്ങളും ഗീതങ്ങളും വേദപുസ്തക വ്യാഖ്യാനങ്ങളും എല്ലാം മുഖ്യമായും സന്യാസപ്രസ്ഥാനത്തിന്റെ സംഭാവനയാണ്. ആത്യന്തികമായി ഇത് വിജ്ഞാനത്തോടുള്ള സ്നേഹമായിരുന്നു. പശ്ചിമ യൂറോപ്യൻ വൈജ്ഞാനിക സംസ്ക്കാരത്തിന് അടിത്തറയിട്ടത് സന്യാസ സമൂഹങ്ങളാണ്.

പാവങ്ങളോടുള്ള സ്നേഹം (Love of the Poor)

അതിഥി സൽക്കാരം (hospitality) എന്ന നന്മയെ മിക്ക സന്യാസിമാരും പ്രായോഗികമാക്കിയത് ദൈവമക്കളായ പാവങ്ങളെയും ഗതികെട്ടവരെയും സ്വന്തം കുടുംബമായി സ്വീകരിക്കുന്നതിലൂടെയാണ്. സഭയുടെ എല്ലാ സംഘടിതമായ ആതുരസേവനവും സന്യാസപ്രസ്ഥാനത്തിന്റെ പ്രചോദന

ഫലമാണ്.

മൗനത്തോടുള്ള സ്നേഹം (Love of Silence)

ദൈവസ്നേഹത്തിന്റെ സാക്ഷാത്ക്കാരത്തിന് വിശാലമായ പശ്ചാത്തലമൊരുക്കിയത് ആഴമായ നിശബ്ദതയോടുള്ള ആഭിമുഖ്യമാണ്. വാക്കുകൾ ഉച്ചരിക്കാതെ, മിണ്ടാതിരിക്കുക എന്നതല്ല ഇവിടെ അർത്ഥം. അത് വളരെ ഉപരിപ്ലവമായ അർത്ഥമാണ്. സമൂഹത്തിന്റെ പ്രശാന്തമായ ആഴം പോലെ, മഞ്ഞണിഞ്ഞ ഗിരിശൃംഗങ്ങളുടെ അമേയമായ ശാന്തിപോലെ ആത്മാവിന്റെ ആഴങ്ങളും ഉയരങ്ങളും തിരിച്ചറിയുന്ന മൗനത്തെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്.

സന്യാസവും പ്രകൃതിസ്നേഹവും

ഇവിടെ നമ്മുടെ മുഖ്യ വിഷയമായ സന്യാസപ്രസ്ഥാനവും പരിസ്ഥിതിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ചിന്തിക്കാം. പരിസ്ഥിതിയെക്കുറിച്ചും അതിന്റെ ഭാഗധേയത്തെക്കുറിച്ചുമുള്ള അവബോധം ആഗോളതലത്തിൽ ഉണ്ടായിത്തുടങ്ങിയിട്ട് നാളേറെയായി. ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തെ മൂന്നുനാലു പതിറ്റാണ്ടുകളിലായി നാം കേട്ടു തുടങ്ങിയ ecological crisis ഇന്നും ലോകത്തിന്റെ സുപ്രധാന ചിന്താവിഷയങ്ങളിലൊന്നാണ്. Climate change തുടങ്ങിയ ആഗോള പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് നടക്കുന്ന ചർച്ചകൾ നാം കുറെയൊക്കെ ശ്രദ്ധിക്കുന്നുണ്ട്. മലങ്കരസഭ തന്നെ ഓഗസ്റ്റ് മാസത്തിലെ ഒരു ഞായറാഴ്ച പരിസ്ഥിതി ദിനമായി ആചരിക്കുന്നുണ്ടല്ലോ. ഈ പശ്ചാത്തലത്തിൽ സന്യാസവും പ്രകൃതിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ചിന്തിക്കുന്നത് പ്രസക്തമാണെന്ന് കരുതുന്നു. ദൈവത്തിന്റെ സൃഷ്ടിയായ പ്രകൃതിയോട് ബഹുമുഖമായ ബന്ധമാണ് ചരിത്രപരമായി സന്യാസപ്രസ്ഥാനത്തിനുള്ളത്. ഏതാനും ചിലത് നോക്കാം.

1. പുതിയ മനുഷ്യത്വത്തിനു വേണ്ടി

ആദ്യ മനുഷ്യനായ ആദാം പാപം ചെയ്യുന്നതിനു മുമ്പുള്ള അവസ്ഥയാണ് മനുഷ്യത്വത്തിന്റെ Ideal state എന്നാണ് ക്രിസ്തീയ പ്രബോധനം. അപ്പോൾ ആദാമിനുണ്ടായിരുന്ന (a) സമ്പൂർണ്ണമായ ദൈവസാന്നിദ്ധ്യബോധവും (b) ദൈവത്തോടും പ്രകൃതിയോടുമുള്ള സുതാര്യമായ ബന്ധവും മനുഷ്യന് നഷ്ടപ്പെട്ടത് തിരിച്ചെടുക്കുകയാണ് സന്യാസജീവിതം കൊണ്ട് ഉദ്ദേശിക്കുന്നത്. 'വിവാഹം കഴിക്കാതെയും വിവാഹത്തിന് കൊടുക്കാതെയും മാലാഖമാർക്ക് സദൃശ്യമായ ജീവിത'മാണ് (മത്താ. 22:30) ആത്മിക മാർഗ്ഗമായി ഇവിടെ കരുതുന്നത്. ഇതു സാധിക്കുന്നത് ക്രിസ്തുവിലൂടെയാണ്. മനുഷ്യസ്വഭാവത്തിന് ആദർശപൂർണ്ണമായ പുനർനിർവചനവും പുതിയൊരു ദർശനവും ക്രിസ്തുവിലൂടെ നമുക്കു ലഭിക്കുന്നു. 'ക്രിസ്തുവിലുള്ള അതേ ഭാവം തന്നെ' കൈവരിക്കാനാണ് സന്യാസി പ്രത്യേകമായി ശ്രമിക്കുന്നത്.

ആദാമിന്റെ അടുത്ത് പക്ഷിമൃഗാദികളും സകല ജീവികളും സ്നേഹപൂർവ്വം മുട്ടിയുരുമ്മി നിൽക്കുന്നു. എല്ലാറ്റിനും ആദാം സ്നേഹപൂർവ്വം പേരു കൊടുത്ത് പേരു ചൊല്ലി വിളിക്കുന്നു. ആദാമിനും ജീവജാലങ്ങൾക്കുമിടയിൽ മറയില്ല, ഭീതിയില്ല, അവിശ്വാസവും സംശയവുമില്ല. ആദാമും ഹവ്വായും ഒരു ജീവിയെയും ഭക്ഷണത്തിനായോ വിനോദത്തിനായോ കൊല്ലുന്നില്ല. "പച്ചസസ്യം മാത്രം അവർക്ക് ആഹാരമായി" ദൈവം നൽകി. എന്നാൽ ഉൽപ്പത്തി 9-ാം അദ്ധ്യായമാവുമ്പോൾ ഈ രംഗം പൂർണ്ണമായി മാറി. മനുഷ്യൻ മൃഗങ്ങളെ കൊന്നുതിന്നാൻ തുടങ്ങി. മൃഗങ്ങൾക്ക് അവനെ "ഭയവും നടുക്കവുമായി."

ഇപ്പോഴത്തെ പരിസ്ഥിതി പ്രശ്നത്തിന്റെ മൂലകാരണം ഇവിടെയാണ്. ഇത് സൃഷ്ടിയുടെ ആരംഭത്തിൽത്തന്നെ നാം കാണുന്നു. മനുഷ്യനെ ഭയപ്പെടുന്ന, മനുഷ്യഗന്ധമേറ്റാൽ ആക്രമാസക്തമായി പ്രതികരിക്കുന്ന ജീവജാലങ്ങളെ അങ്ങനെയാക്കിത്തീർത്തത് മനുഷ്യന്റെ ആക്രമണവാസനയാണ്, അതായത് കൊല്ലാനും വലിച്ചുവാരിക്കൂട്ടാനുമുള്ള പ്രവണത (aggressive and acquistive drive) മനുഷ്യന്റെ അക്രമവും ആർജ്ജനവും ഉപഭോഗവുമാണ് ഇന്നും ആഗോള മനുഷ്യസംസ്ക്കാരത്തിനും ഭൂമിയിലെ ജീവനും ഭീഷണിയായി നിൽക്കുന്നത്.

ഏഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന നിനവേക്കാരനായ ഇസഹാക്ക് (Isaac the Syrian) എന്ന പിതാവ് ആദാമിന്റെ ശരീരഗന്ധത്തെക്കുറിച്ച് പറയുന്നുണ്ട്. ആദ്യമനുഷ്യന്റെ ശരീരത്തിൽ നിന്ന് പ്രസരിച്ച ഗന്ധത്തിന് സവിശേഷമായ സൗരഭ്യമുണ്ടായിരുന്നു. അതുകൊണ്ട് എല്ലാ ജീവികളും ഈ മണം പിടിച്ച് ആദാമിന്റെ അടുത്തേക്ക് വരുമായിരുന്നു. ഇതൊരുതരം ദിവ്യപരിമളമായിരുന്നു. ജീവികളെയെല്ലാം ഒരുമയോടെ നിൽക്കാൻ സഹായിക്കുന്ന സുഗന്ധം. പറുദീസായിൽ നിന്ന് പുറത്താക്കപ്പെട്ട ആദാമിന് ഈ സുഗന്ധം നഷ്ടപ്പെട്ടു. ആദാമിന്റെയും ഹവ്വായുടെയും ശരീരഗന്ധമേറ്റ ജീവികൾ ഭയന്നും നടുങ്ങിയും ഓടിയകന്നു. ആ ഗന്ധമാണ് ഇപ്പോൾ നമ്മുടെ ശരീരങ്ങൾക്കുള്ളത്. നമുക്കു തന്നെ അതിഷ്ടമല്ല. അതുകൊണ്ട് പലതരം പെർഫ്യൂമുകളും, പൗഡറുകളുമിട്ട് അതിനെ മറയ്ക്കാൻ നാം ശ്രമിക്കുന്നു. കാട്ടുമൃഗങ്ങൾ നമ്മുടെ സാമീപ്യമുണ്ടായാൽ സ്വരക്ഷയ്ക്കുവേണ്ടി ഓടിയകലുകയോ അല്ലെങ്കിൽ ആക്രമിക്കുകയോ ചെയ്യുന്നത് ഈ മനുഷ്യശരീരഗന്ധമേറ്റാണെന്നോർക്കണം. എന്തൊരു വ്യത്യാസമാണ് സംഭവിച്ചിരിക്കുന്നത്.

വിശുദ്ധരായി ജീവിച്ചവർ മരിച്ചാൽ അവരുടെ ശരീരത്തിൽ നിന്ന് സുഗന്ധം പുറപ്പെടുമെന്ന് റഷ്യക്കാർക്കിടയിൽ ഒരു ജനപ്രിയ പാരമ്പര്യമുണ്ട്. ദസ്തയേവിസ്കിയുടെ 'കാരമസോവ് സഹോദരന്മാർ' എന്ന നോവലിലെ ഉത്തമ സന്യാസിയായ ഫാദർ സോസിമയുടെ മരണസമയത്ത് ഇതിനെപ്പറ്റി ഒരു വിവാദം അസൂയക്കാരനായ മറ്റൊരു സന്യാസി ഉണ്ടാക്കുന്നുണ്ട്.

ജീവികളെ അകറ്റിക്കളയുന്ന മനുഷ്യഗന്ധത്തിനു പകരം സകല ജീവജാലങ്ങളെയും തന്നിലേക്കു അടുപ്പിക്കുന്ന ദിവ്യഗന്ധം ശരീരത്തിന് തിരിച്ചു കിട്ടാനുള്ള ശ്രമം ശരിയായ സന്യാസചിന്തയിൽ കാണാം. അക്രമം, ആർജ്ജനത്വര, അമിതമായ ഉപഭോഗം എന്നീ മൂന്നു കാര്യങ്ങളിലാണ് പുതിയ ബദൽ മാതൃക സൃഷ്ടിക്കാൻ സന്യാസപ്രസ്ഥാനം ശ്രമിച്ചിട്ടുള്ളത്. ഇതു മൂന്നും മനുഷ്യന്റെ ജന്മവാസനകളാണെന്നു സ്ഥാപിച്ച് അതിനെ ന്യായീകരിക്കുന്ന ധാരാളം സിദ്ധാന്തങ്ങൾ മനഃശാസ്ത്രത്തിലും സാമ്പത്തിക ശാസ്ത്രത്തിലും ആധുനിക സംസ്ക്കാരത്തിൽ പൊതുവെയും കാണാം. ഇതിനെതിരായി നിലകൊള്ളാൻ സാധാരണവ്യക്തികൾക്ക് കഴിവില്ല. അവിടെയാണ് ഇക്കാര്യങ്ങളിൽ സന്യാസപ്രസ്ഥാനത്തിന്റെ ചുമതലയും പ്രസക്തിയും നാം അന്വേഷിക്കുന്നത്. Poverty, Chastity, Obedience എന്ന മൂന്നു അദ്ധ്യാത്മിക സാധനകൾ വികസിപ്പിച്ചത് ഈ മൂന്നു പരീക്ഷകളെ നേരിടാനാണ്. പുതിയ ആദാമായ ക്രിസ്തുവിലൂടെ ഈ മൂന്നു പരീക്ഷകളെയും നാം നേരിട്ട് പുതിയൊരു മനുഷ്യത്വത്തിന് രൂപം കൊടുക്കണം. അതിലൂടെ പുതിയൊരു സാമൂഹ്യ വ്യവസ്ഥയും ലോകവ്യവസ്ഥയും സൃഷ്ടിക്കണം. അത് ആത്മീയമായും പാരിസ്ഥിതികമായും ജീവനെ പരിപോഷിപ്പിക്കുന്ന ഒരു വ്യവസ്ഥയായിരിക്കണം എന്നാണ് നാം മനസ്സിലാക്കുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ 'ക്രിസ്തുവിൽ പുതിയ സൃഷ്ടി' എന്ന് വി. പൗലൂസ് പറയുന്നതാണിത്.

2. സന്യാസവും മണ്ണുമായുള്ള ബന്ധം

നർസിയയിലെ വി. ബനഡിക്ടാണ് ആറാം നൂറ്റാണ്ടിൽ പാശ്ചാത്യ സന്യാസപ്രസ്ഥാനത്തിന്റെ ആദിപിതാവായി തീർന്നത്. അദ്ദേഹത്തിന്റെ പ്രസിദ്ധമായ റൂളിൽ എടുത്തു പറയുന്നത് *ora et labora* (pray and work) എന്ന തത്വമാണ്. പ്രാർത്ഥനയും പ്രയത്നവും. പ്രയത്നം പ്രധാനമായും മണ്ണിലാണ്. ആദാമിന്റെ വീഴ്ച മൂലമുണ്ടായ ശാപം മണ്ണിനും കിട്ടി. മണ്ണിൽ മുള്ളും പറക്കാരയും വളർന്നു. ഈ മണ്ണിനെ മനുഷ്യപ്രയത്നം കൊണ്ട് രൂപാന്തരപ്പെടുത്തുക. ഫലഭൂയിഷ്ഠമാക്കുക. നഷ്ടപ്പെട്ടു പോയ "പറുദീസ" (= garden) യുടെ മാതൃകയിലേക്ക് മാറ്റുക ഇതാണ് ലക്ഷ്യം. "നിന്റെ നെറ്റിയിലെ വിയർപ്പുകൊണ്ട് നീ ഭക്ഷണം കഴിക്കും" എന്ന ശാപത്തെ ഏറ്റുവാങ്ങി മനുഷ്യവർഗ്ഗത്തിനു വേണ്ടി അദ്ധ്വാനത്തെ അനുഗ്രഹമാക്കി മാറ്റുകയാണ് മണ്ണിൽ അദ്ധ്വാനിക്കുന്ന സന്യാസി. ഈ ആത്മീയ പ്രക്രിയയുടെ അനന്തരഫലമായി സന്യാസിയുടെ ആവശ്യം കഴിഞ്ഞ് ധാരാളം ഭക്ഷണസാധനങ്ങൾ മറ്റുള്ളവർക്കു വേണ്ടി ഉൽപാദിപ്പിക്കുവാൻ സാധിക്കുന്നു. ദാരിദ്ര്യവ്രതം സ്വീകരിക്കുന്ന സന്യാസി ലോകത്തിൽ നിന്ന് ദാരിദ്ര്യത്തെ ഉച്ചാടനം ചെയ്യാനാണ് സ്വപ്രയത്നത്തിലൂടെ ശ്രമിക്കുന്നത് എന്നത് ചിന്തനീയമാണ്.

പഴയ സന്യാസാശ്രമങ്ങൾ സമ്പന്നമായിത്തീർന്നതിന്റെ സാമ്പത്തിക രഹസ്യം വളരെ ലളിതമാണ്. സ്വന്തം ആവശ്യങ്ങളെ ഏറ്റവും ചുരുക്കി സമൂഹത്തിനു വേണ്ടിയും പൊതുനന്മയ്ക്കുവേണ്ടിയും എല്ലാവരും അദ്ധ്വാനിക്കുന്നു. അങ്ങനെയാവുമ്പോൾ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റാൻ നമുക്കാവശ്യമുള്ളതിലധികം ഉണ്ടാകുന്നു. വ്യക്തി സ്വന്തമായി ആർജ്ജിക്കുകയോ അമിതമായി ഉപയോഗിക്കുകയോ ചെയ്യാതെ പൊതുവിനുവേണ്ടി അദ്ധ്വാനിക്കുന്ന വ്യവസ്ഥയിൽ സമ്പത്ത് ഉണ്ടാകുന്നു. എല്ലാ

വർക്കുമായി അത് നീതിപൂർവ്വം പങ്കുവയ്ക്കുമ്പോൾ പട്ടിണിയും അനുബന്ധപ്രശ്നങ്ങളും ഇല്ലാതാകുന്നു. ബനഡിക്ടിൻ സന്യാസിയായിരുന്നു മഹാനായ ഗ്രിഗോറിയോസ് പാപ്പാ എന്ന പേരിൽ 7-ാം നൂറ്റാണ്ടിൽ പ്രസിദ്ധനായ പാശ്ചാത്യ സഭാദ്ധ്യക്ഷൻ. അദ്ദേഹത്തിന്റെ സ്വപ്നം യൂറോപ്പിനെ മുഴുവൻ ഒരു വലിയ ബനഡിക്ടയിൻ ആശ്രമ മാതൃകയിലേക്ക് മാറ്റുക എന്നതായിരുന്നു. യൂറോപ്പിലെ കൃഷി സമ്പ്രദായവും സാമ്പത്തിക ക്രമവും വിപ്ലവകരമായി മാറുവാൻ *ora et labora* എന്ന സന്യാസ തത്വത്തിന് കഴിഞ്ഞു.

മൂന്നാം നൂറ്റാണ്ടിൽ സന്യാസപ്രസ്ഥാനം ആരംഭിച്ച ഈജിപ്തിലെ മരുഭൂമിയിൽ കോപ്റ്റിക് ഓർത്തഡോക്സ് സഭ ഇരുപതാം നൂറ്റാണ്ടിൽ പുനരുദ്ധരിച്ച സന്യാസാശ്രമങ്ങൾ അദ്ഭുതം സൃഷ്ടിച്ചിരിക്കുകയാണ്. ഒരു പുൽനാമ്പുപോലും വളരാത്ത വിശാലമായ മരുപ്പരപ്പിൽ, ഈ സന്യാസിമാർ ആരംഭിച്ച കൃഷികൾ വളരെ പ്രസിദ്ധമാണ്. അവിടെയും ഇതേ തത്വമാണ് ഉപയോഗിക്കുന്നത് (ചൈനയിലെ സോഷ്യലിസ്റ്റ് വിപ്ലവത്തിലും റഷ്യയിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ തുടക്കത്തിലും സന്യാസ സമൂഹ തത്വത്തിന്റെ ഈശ്വരനിരപേക്ഷമമായ മറ്റൊരു രൂപമാണ് ഉപയോഗിച്ചിരുന്നത്).

3. രൂപരഹിതമായ പ്രകൃതിയും ആത്മീയ സമരവും

പ്രകൃതിയോടുള്ള ബന്ധത്തിന്റെ മറ്റൊരു വശമാണ് മരുഭൂമിയിലെ ആദ്യകാല താപസന്മാരിൽ കണ്ടത്. സസ്യശ്യാമളവും ജീവിക്കാൻ സുഖപ്രദവുമായ ഗ്രാമങ്ങളും പട്ടണങ്ങളും ഉപേക്ഷിച്ചാണ് ഊഷരമായ ഭൂമിയിലേക്ക് അവർ ഓടിപ്പോയത്. ഇവിടെ പ്രകൃതി അതിന്റെ ഏറ്റവും അമൂർത്തമായ (abstract) ഭാവത്തിലാണ്. മരങ്ങളില്ല, ചെടികളില്ല, മഴയില്ല, വെള്ളമില്ല, സുകുമാര ദൃശ്യങ്ങളൊന്നുമില്ലാത്ത ശൂന്യസ്ഥലത്ത്, അതിരില്ലാത്ത മണൽപ്പരപ്പും അനന്തമായ ആകാശവും മാത്രം. ഇവിടെയാണ് സാത്താനുമായി വി. അന്തോണിയോസും മറ്റും പോരാട്ടം നടത്തിയത്. രൂപങ്ങളൊന്നുമില്ലാത്ത ശൂന്യതയിൽ നിന്നും തിന്മ അനേകം രൂപങ്ങളെടുത്തു വന്നാണ് താപസ്സരെ പരീക്ഷിക്കുന്നത്. തിന്മയ്ക്ക് കാതലൊന്നുമില്ലെന്നും അത് ഇല്ലായ്മയാണെന്നും തിരിച്ചറിയുന്ന സന്യാസിമാർ ആ മായാരൂപങ്ങളെയും അവ നൽകുന്ന മോഹനീയ വാഗ്ദാനങ്ങളെയും ദൈവത്തിന്റെ അപ്രമേയശക്തിയാൽ കീഴടക്കുന്നു. കർത്താവ് മരുഭൂമിയിൽ 40 ദിവസത്തെ ഉപവാസ പ്രാർത്ഥന നടത്തിയതിന്റെ മാതൃക പിൻപറ്റിയാണ് ഈ ആത്മീയപ്രയത്നം. എങ്കിലും ഏകാന്ത സമരത്തേക്കാൾ സമൂഹത്തിനുള്ളിലും സമൂഹത്തോട് കൂടിയുമുള്ള ആത്മീയ പ്രയത്നമാണ് സഭയ്ക്ക് കൂടുതൽ സ്വീകാര്യം എന്ന് വി. പക്കോമിയോസ്, വി. ബസ്സേലിയോസ് തുടങ്ങിയവരും അവരെ പിൻതുടർന്ന് പിൽക്കാലത്ത് വി. ബനഡിക്റ്റും വ്യക്തമാക്കി.

4. പ്രകൃതിയും സൗന്ദര്യബോധവും

സന്യാസവും പ്രകൃതിയുമായുള്ള ബന്ധത്തിന്റെ വേറൊരു മുഖമാണ് പ്രകൃതി സൗന്ദര്യത്തെക്കുറിച്ചുള്ള അവബോധം. ഒത്തിരിയേറെ സന്യാസിമാർ പ്രകൃതിയിൽ തേടിയത് ശാന്തതയും നിശ്ശബ്ദതയും ഭംഗിയുമാണ്. സൃഷ്ടിയുടെ മഹത്വവും സൗന്ദര്യവും തങ്ങളുടെ ആത്മാവിലേക്ക് ആവാഹിച്ചവർ കവികളായിരുന്നു. അവരുടെ കവിത സങ്കീർത്തനങ്ങളായി, ദൈവസ്തുതികളായി, സ്തോത്രഗാനങ്ങളായി നമ്മുടെ ആരാധനയിലേക്ക് വന്നു. 'പാതിരാത്രിയിൽ ദൈവത്തിന്റെ അദ്ഭുതങ്ങളെയും അത്യുന്നതന്റെ ന്യായങ്ങളെയും കുറിച്ച് സ്തോത്രം ചെയ്വാൻ ദാവീദ് എഴുന്നേറ്റു. അവൻ ആകാശത്തിലേക്കു സൂക്ഷിച്ചു നോക്കി. ആകാശവിതാനത്തെയും പ്രകാശഗോളങ്ങളെയും അവയുടെ അയനത്തിന്റെ അഴകിനെയും കണ്ടു. ശാന്തിയും നിശ്ശബ്ദതയും കണ്ട് അദ്ഭുതം നിറഞ്ഞ് സ്തോത്രം ചെയ്തു.'' പ്രകൃതിയിലേക്ക് തിരിഞ്ഞ മിക്ക സന്യാസിമാർക്കും കെട്ടിടങ്ങളേക്കാൾ പ്രിയം തുറസ്സായ സ്ഥലങ്ങളായിരുന്നു. Nature is an open Bible എന്നാണ് ബനഡിക്ട് പഠിപ്പിച്ചത്. അതായത് വി. വേദപുസ്തകത്തിലൂടെ നമുക്ക് ദിവ്യവെളിപാടുകൾ ലഭിക്കുന്നതുപോലെ സൃഷ്ടിയായ പ്രകൃതിയിലൂടെ സ്രഷ്ടാവായ ദൈവത്തിന്റെ അമേയരഹസ്യങ്ങൾ താൻ നമുക്കു വെളിപ്പെടുത്തിത്തരുന്നു എന്നർത്ഥം. പ്രകൃതിയെ നിരന്തരം നിരീക്ഷിക്കുകയും, അതിന്റെ താളക്രമങ്ങളും ഋതുലയങ്ങളുമായി താദാത്മ്യം പ്രാപിക്കുകയും ചെയ്യുന്നവർ മഹത്തായ ഒരു ദിവ്യ ഗ്രന്ഥമാണ് തങ്ങൾക്കു മുമ്പിൽ തുറക്കുന്നത്.

ഏറ്റവും നല്ല സന്യാസി ഏറ്റവും നല്ല സൗന്ദര്യാരാധകൻ ആയിരിക്കും. മനുഷ്യശരീരത്തിന്റെ ക്ഷണികമായ രൂപവശ്യതകളിൽ ഒതുങ്ങുന്നതല്ല നമ്മുടെ ഈ സൗന്ദര്യ സങ്കൽപ്പം. ദൈവസൃഷ്ടിയായ പ്രപഞ്ചത്തിന്റെ സർവ്വാണുക്കളിലും സൂക്ഷ്മകണികകളുടെ അനന്തസംഗമങ്ങളിലും അനവരതം തെളിയുന്ന ജീവന്റെ പ്രകാശമാണ് സൗന്ദര്യം. തേഞ്ഞുമാഞ്ഞു പോകുന്ന ശാരീരികതയുടെ ലാസ്യനൃത്തങ്ങളിലും ഭോഗതൃഷ്ണകളിലുമല്ല ഈ സൗന്ദര്യത്തിന്റെ ഉൾക്കാമ്പ് എന്ന് ആദ്ധ്യാത്മിക ജീവിതത്തിൽ പരിണിതപ്രജ്ഞരായവർക്ക് അറിയാം. കോമളരൂപിയായിരുന്നില്ലെന്ന് പാരമ്പര്യം സാക്ഷിക്കുന്ന നസ്രായനായ യേശുവിന്റെ വാക്കുകൾക്ക് "ലാവണ്യ"മുണ്ടെന്നറിഞ്ഞ് അദ്ഭുതം കൂറാൻ സാധാരണക്കാർക്ക് പോലും കഴിഞ്ഞു (ലൂക്കോ. 4:22). പ്രകൃതിയുടെ മടിത്തട്ടിലും സമർപ്പിതമായ മനുഷ്യനന്മയുടെ 'ചില്ലിക്കാശിലും' കൊച്ചുകുഞ്ഞുങ്ങളുടെയും കാട്ടുപൂക്കളുടെയും പുഞ്ചിരിയിലും നസ്രായൻ ദർശിച്ച സൗന്ദര്യമാണ് ലാവണ്യവാക്കുകളായി നിർഗമിച്ചത്. ഒന്നു നമുക്ക് വ്യക്തമാണ്. ശരീരത്തിന്റെ അദമ്യമായ അഭിലാഷങ്ങളിൽപ്പെട്ട് അലയുന്നവർക്ക് ഒരു വലിയ അളവുവരെ മോചനം നൽകാൻ പ്രകൃതിസൗന്ദര്യത്തിനു കഴിയും. സൃഷ്ടിയുടെ സൗന്ദര്യത്തിന്റെ വിശ്വവിശാലതകളെ മനുഷ്യശരീരത്തിലേക്കും അതിന്റെ മാത്രം മോഹങ്ങളിലേക്കും ഒതുക്കുന്ന തെറ്റായ പ്രവണതയെ ഫലപ്രദമായി തിരുത്താൻ നമ്മുടെ പ്രകൃതിസ്നേഹത്തിനു കഴിയും.

പ്രകൃതിയോടു ബന്ധപ്പെട്ടും, സൃഷ്ടിയുടെ മഹത്വം ആസ്വദിച്ചും അതിന്റെ നിഗൂഢതകളെക്കുറിച്ച് നിരന്തരം മനനം ചെയ്തും കഴിയുന്ന സന്യാസി ആത്മാവിന്റെ ആഴങ്ങളെ തിരയുന്ന വ്യക്തിയാണ്. കാടുകളിലും മലകളിലും വിജനതകളിലും പർണ്ണശാല കെട്ടുന്ന പാരമ്പര്യം അർത്ഥപൂർണ്ണമാണ്. മനുഷ്യനും പ്രകൃതിയും തമ്മിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ജൈവബന്ധത്തെ പുനരുദ്ധരിക്കാനുള്ള ശ്രമമാണ് സന്യാസാശ്രമങ്ങൾ നടത്തുന്നത്, അല്ലെങ്കിൽ നടത്തേണ്ടത്.

ഒരു ഐറീഷ് ഡൊമിനിക്കൻ സന്യാസിവൈദികനായ Donagh O"Shea എഴുതിയ Nothing for the Journey : Meditations on Time and Place എന്ന പുസ്തകം എനിക്ക് വളരെ പ്രിയമാണ്. പുരാതന ഐറീഷ് സന്യാസികളുടെ നിരന്തരപ്രയാണം എന്ന തത്വത്തെ സ്വന്തം ജീവിതത്തിൽ പരീക്ഷിച്ചു നോക്കിയതിനെക്കുറിച്ചാണ് അദ്ദേഹം പറയുന്നത്. യാത്രയ്ക്ക് വലിയ സന്നാഹങ്ങൾ ഒന്നുമെടുക്കാതെ (മത്താ. 10:9-10) ഒരു ചെറിയ മോപ്പഡിൽ അദ്ദേഹം അനേകം ആഴ്ചകൾ തുറസ്സായ പ്രകൃതിയിൽ അലഞ്ഞുതിരിഞ്ഞു. ഈ നാടോടി ജീവിതത്തിൽ തനിക്കു ലഭിച്ച ചിന്തകളാണ് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഒരിടത്ത് ഇങ്ങനെ പറയുന്നു.

"Someone said once that Christianity is a very indoor religion. That is strange when you consider that Jesus lived with the mountains, the sea and the desert, and claimed that he had nowhere to lay is head" (p. 41., Dominican Publications, 1990).

അറ്റ്ലാന്റിക് സമുദ്രത്തിനടുത്ത് വിജനമായ ഒരു നദിക്കരയിൽ ഒരു കൂടാരം കെട്ടി താമസിച്ച രാത്രിയെക്കുറിച്ച് അദ്ദേഹം എഴുതി: "Everything becomes its own essence at midnight. Only the deepest movements continue - the heart beat, the stream's flow and the eternal birth movement of the sea."

നാം നനച്ചു വളർത്തുന്ന കൃഷിത്തോട്ടവും വീട്ടുമുറ്റത്ത് സൃഷ്ടിക്കുന്ന പൂന്തോട്ടവും അർത്ഥത്തിൽ ഒന്നുതന്നെയാണ്. എങ്കിലും ആശ്രമങ്ങളുടെ നാലുകെട്ടിനകത്ത് വളർത്തുന്ന പൂന്തോട്ടം പ്രകൃതി സൗന്ദര്യത്തിന്റെ നിദർശനമായി, നഷ്ടപ്പെട്ട പറുദീസ (garden) യുടെ ഗൃഹാതുരത്വമായി, ശാപവിമുക്തമായിത്തീർന്ന് അനുഗ്രഹീതമായി, ദൈവരാജ്യത്തിന്റെ സ്വഭാവം കൈവരിക്കുന്നു. ഭൂമിയുടെ യുഗാന്ത്യ ദർശനമായി നിലകൊള്ളുന്നു. ശലോമോന്റെ ഉത്തമഗീതത്തിൽ പരാമർശിക്കുന്ന "അടച്ചുപൂട്ടിയ തോട്ടം" അഥവാ രഹസ്യ ഉദ്യാനം (enclosed garden) പരിശുദ്ധ കന്യകയുടെ കന്യകാത്വത്തിന്റെ പ്രതീകമായും അങ്ങനെ സന്യാസ വ്രതശുദ്ധിയുടെ അടയാളമായും വ്യാഖ്യാനിക്കപ്പെട്ടു. ഉദ്യാനമദ്ധ്യത്തിൽ ഉയരുന്ന ജലധാര, മുദ്രയിട്ടിരിക്കുന്ന കന്യകാഗർഭത്തിൽ നിന്നുയർന്ന ജീവന്റെ ഉറവയായ ക്രിസ്തു തന്നെ (ഉത്തമഗീതം 4:12) പ്രകൃതിയും, പൂന്തോട്ടവും, സന്യാസിയും, സൗന്ദര്യവുമെല്ലാം അർത്ഥപൂർണ്ണമായ ഒരു ആദ്ധ്യാത്മിക ദർശനത്തിന്റെ ചരടിൽ കോർത്തിണക്കപ്പെടുന്നു.

(സന്യാസാശ്രമങ്ങളുടെ വാർഷിക സമ്മേളനത്തിൽ ചെയ്ത പ്രസംഗം. പുതുപ്പാടി സെന്റ് പോൾസ് ആശ്രമം, ഓഗസ്റ്റ് 2007)

ഭൂമിയുടെ അവകാശികൾ

നോമ്പിലെ അഞ്ചാം ഞായർ

ക്ഫിഫ്ത്തോ (ലൂക്കോസ് 13:10-17)

ഫാ. മാത്യു വർഗീസ് കുളങ്ങാട്ടിൽ

ദൈവരാജ്യത്തിന്റെ അവകാശികൾ പുരുഷശ്രേഷ്ഠന്മാർമാത്രമാണെന്ന തെറ്റിദ്ധാരണയെ തിരുത്തുന്നതായിരുന്നു കർത്താവിന്റെ വാക്കുകൾ. പതിനെട്ടു വർഷത്തെ രോഗത്തിന്റെ അടിമത്വം 'സ്ത്രീയേ നിന്റെ രോഗബന്ധനം അഴിഞ്ഞിരിക്കുന്നു' എന്ന വാക്കുകളിലൂടെ സ്വതന്ത്രമാകുകയാണ്. ക്ഷണത്തിൽ അവൾക്ക് ലഭിച്ച സൗഖ്യം സിനഗോഗ് പ്രമാണിയെ ക്ഷോഭിപ്പിക്കുന്നതായിരുന്നു. യേശുവിന്റെ മറുപടി മൃഗങ്ങൾക്ക് കൊടുക്കുന്ന പരിഗണനയെങ്കിലും സ്ത്രീസമൂഹത്തിന് നൽകൂ എന്ന കർശനമായ താക്കീത് നൽകുവാനും യേശു മടിക്കുന്നില്ല. സമൂഹത്തിന്റെ കഠിനമർദ്ദനങ്ങളെ പ്രതിരോധിക്കാൻ നിൽപ്പു സമരങ്ങൾ നടത്തേണ്ട ഗതികേട് അടുത്ത കാലം വരെ കേരളത്തിലുണ്ടായിരുന്നു. മനുഷ്യരിൽ സമ്മർദ്ധമേറ്റി നടുവൊടിക്കുന്ന മതഭീകരതയെ ഉപേക്ഷിക്കുവാൻ വ്യക്തമായി പ്രേരിപ്പിക്കുന്ന ഈ വേദഭാഗത്തിന്റെ പ്രതിധ്വനികൾ ഇനി കുറിക്കട്ടെ.

1. പള്ളിപ്രമാണിമാരും,പതിതരും.

വീണ്പോയവരുടെ വിലാപത്തിന്റെ മാറ്റൊലി ഗ്രഹിക്കാൻ മാർക്സിയൻ ചിന്തകളുടെ അപാരധയൊന്നും ആവശ്യമില്ല. അത് ഹൃദയങ്ങളിൽ തന്നെയാണ് വന്ന് കൊള്ളുക. എന്നാൽ ഒന്നിലും ഉലയാത്ത ചിലരുണ്ടല്ലോ. ആരുടെയും കണ്ണീരിനും, ദീനതയ്ക്കും നേരെ തുറക്കാത്ത കണ്ണുകളുള്ള ചിലർ. എവിടെയും നിയമത്തിന്റെ വാതിൽ അടച്ച് കാരുണ്യത്തിന്റെ ഓടമ്പലുകൾ പൂട്ടുന്നവർ. അത്തരത്തിലുള്ള ഉദാഹരണമായിരുന്നു പള്ളിപ്രമാണി.

പള്ളിപ്രമാണിക്കും പതിതയായ കൂനിസ്ത്രീക്കും വിമോചനം ആവശ്യമാണ്. മർദ്ദിതരെ മാത്രമല്ല,മർദ്ദകരെ കൂടി വിമോചിപ്പിക്കുകയാണ് ക്രീസ്തീയത. ദൈവം മനുഷ്യരെ സൃഷ്ടിച്ചപ്പോൾ അവനെ വിശുദ്ധിയും,നീതിയും,മരണമില്ലായ്മയും അണിയിച്ചു. പാപത്താൽ ഈ ദൈവസാദൃശ്യങ്ങൾ അവന് നഷ്ടപ്പെടുകയും അവൻ മർദ്ദിതനായി വീണ്പോവുകയും ചെയ്തു.ഈ വീഴ്ച്ച തന്നെയാണ് പതിതത്വം. കൂനിയായ സ്ത്രീ ഈ വീഴ്ച്ചയുടെ പ്രതീകമാണ്. വിശുദ്ധി,നീതി, നിത്യത എന്നീ ഉന്നതമൂല്യങ്ങലിലേക്ക് നോക്കുന്നതിന് അപ്രാപ്യമായത് പോലെയായിരുന്നു അത്. മൃഗങ്ങളെ പോലെ ഭൗമീകതയിൽ മാത്രം ഉല്ലസിക്കുന്ന ഒരു തരം അവസ്ഥ. എന്നിട്ടും അവൾ ആവശ്യപ്പെടാതെ കർത്താവ് അവളുടെ വീഴ്ച്ചയുടെ ആഴങ്ങളിൽ നിന്ന് അവളെ രക്ഷിച്ചു.

ക്രൂശിന്മേൽ ക്രിസ്തു നമുക്ക് ഒരു നിവർന്ന നില സമ്മാനിക്കുന്നു. കുരിശ് നിലപാടുകളുടെ എഴുന്നേൽപ്പ് നമുക്കും സമ്മാനിക്കുന്നുണ്ട്. ഞാൻ ലോകത്തിനായി ക്രൂശിക്കപ്പെട്ടിരിക്കുന്നുവെന്ന് പൗലോസ് അപ്പോസ്തലൻ പറയുന്നതിന് കാരണവും ഇതു തന്നെയല്ലേ? ഒരാൾ ക്രൂശിന്റെ നിലപാടുകളുടെ ആണിപാടുകൾ കുനിഞ്ഞ് പിഴുത് കളയുമ്പോൾ നാം വീണ്ടും വീണ്പോവുകയാണ്. ക്രിസ്തുവിനായി നമ്മെ വിട്ട് കൊടുക്കുന്ന അനുഭവമാണ് ആധ്യാത്മീകത. പള്ളിപ്രമാണിമാരും പതിതർക്കും ഒരുപോലെ മോചനം ആവശ്യമാണ്.

2. പള്ളിയും പാഠങ്ങളും

പണ്ടൊക്കെ ഹരിശ്രീ കുറിച്ച് പഠനത്തിനും വിദ്യക്കും പ്രകാശനം നൽകാൻ പള്ളികുടങ്ങൾ പള്ളികളിൽ ആരംഭിച്ചിരുന്നു. അതുക്കും മുമ്പേ പള്ളി ഒരു പാഠശാലയായിരുന്നു! അതെ അത് സാക്ഷിച്ചുകൊണ്ടാണ് ഇന്നത്തെ വായനാഭാഗം ആരംഭിക്കുക. യേശു പള്ളിയിൽ ഉപദേശിച്ചുവെന്നല്ല, പഠിപ്പിച്ചു എന്ന് തന്നെയാണ് വായിക്കേണ്ടത്. ഉപദേശം പ്രത്യേക യോഗ്യതകൾ ഒന്നും ആവശ്യമായ ഒന്നല്ലല്ലോ. എന്നാൽ പഠിപ്പിക്കുന്നതിന് നിയോഗവും നീയതയോഗ്യതകളും ആവശ്യമുണ്ട്. പിതാവിനാൽ അയ്യക്കപ്പെടുന്നത് പുത്രൻതമ്പുരാന്റെ യോഗ്യതയാണ്.ചുമതലകൾ ലൂക്കോ 4.13 ൽ സൂചിപ്പിക്കുന്നുണ്ട്.

കപ്പൽഛേദം സംഭവിച്ച പാതകളിൽ നിന്ന് കാലത്തെ വീണ്ടെടുക്കാൻ ആർക്ക് സാധിക്കുമെന്ന ചോദ്യം പഴയനിയമത്തിന്റെതാണ്. സ്ഥായിയായ പാഠങ്ങൾ എല്ലാം പടച്ചവൻ(സൃഷ്ടാവ്) തന്നെ പഠിപ്പിക്കണം. നിവർന്ന് നിൽപ്പിന്റെ പാഠഭാഗം പൂർത്തിയാവുന്നത് കൂനി സ്ത്രീയുടെ പ്രായോഗിക അടയാളത്തോടെയാണ്. ഈ ക്ലാസുകളിലെ ആർക്കും തന്നെ ഇനിയത് മറക്കാനാവില്ല. അവരിൽ പലരും ഒരുപാട് ഗുരുക്കന്മാരെ കേട്ടിട്ടുണ്ട്. അതെല്ലാം ഒരുപക്ഷെ 18 ആണ്ടുകളുടെ (രോഗങ്ങളുടെ) തുടരാവർത്തനം ആയിരുന്നു. എന്നാൽ ഈ ഗുരുവിനെ വ്യതിരക്തനാക്കുന്നത് ന്യായപ്രമാണത്തിനും താത്വീകതയ്ക്കും അതീതമായ ഒരു സ്നേഹത്തിന്റെ രമണീയതയായിരുന്നു.

പള്ളികൾ പാഠശാലകളാവതെ പോവുകയാണിന്നത്തെ ദുരന്തം.. കൊട്ടാര സാദൃശമായ പള്ളി വചനം കേൾവിയുടെ ഇടമല്ലാതെയായി. പ്രസംഗത്തിന് പന്തലുകൾ,തൊങ്ങലുകൾ, നിയമത്തിന്റെ ആലാത്തുകൾ എല്ലാം പഴയത്പോലെയാകുകയാണ്.പള്ളി പാഠശാലയായിരുന്നെങ്കിൽ,ആ മഹാഗുരു അനശ്വര പാഠങ്ങൾ പകരാനെത്തുമായിരുന്നു.

3. അബ്രാഹാമിന്റെ സന്തതികൾ

സംഘാലയ പ്രമാണി ശബ്ദത്ത് നിയമങ്ങളെയാണ് പരാമർശിക്കുക.എന്നാൽ ഇസ്രായേൽക്കാരിയായ ഈ സ്ത്രീ ദൈവകരുണയ്ക്ക് യോഗ്യയായി പരിഗണിക്കപ്പെടണം. പുരുഷന്മാർക്ക് മാത്രമായി ഒരു പൈതൃകം സത്യത്തിൽ യഹൂദപാരമ്പര്യത്തിലെന്നല്ല ഒരു സംസ്ക്കാരത്തിലും നിഷ്കർഷിക്കുന്നില്ല. അത് ആൺകോയ്മയുടെ സൃഷ്ടിയാണ്. ആയതിനാൽ 'ബദ്ധന്മാർക്ക് വിടുതൽ

> **സംഘാലയങ്ങൾ സമൂഹത്തിന്റെ ശാക്തീകരണത്തിനായിരിക്കണം. കപടഭക്തികൊണ്ട് അത് ജീർണ്ണിപ്പിക്കുന്ന എല്ലാ പ്രവണതകളും വിമർശിക്കപ്പെടണം.**

പ്രഖ്യാപിക്കുന്ന' (4.13) പെരുന്നാളായി കർത്താവ് ശബ്ദത്തിനെ മാറ്റുകയായിരുന്നു. സഖായിയെ പോലെയുള്ള 'ഔട്ട്കാസ്റ്റിനെ' കർത്താവ് വിമോചിപ്പിച്ച് രക്ഷയുടെ അകത്തളങ്ങളിലേക്ക് കൊണ്ട് വരുന്നു. വിജാതീയർ പോലും മൃഗങ്ങളെക്കാൾ ശ്രേഷ്ഠമായി സമസൃഷ്ടങ്ങളുടെ അനുഭവത്തിന് അർഹമായി കരുതപ്പെടുന്ന കാലത്ത് അർഹമായ പരിഗണന സ്ത്രീസമൂഹത്തിന് ലഭിക്കേണ്ടതാണ്. അബ്രാഹാമ്യ സന്തതികളിൽ സ്ത്രീകൾ മാത്രം രണ്ടാം തരം പൗരന്മാരായി പരിഗണിക്കപ്പെടുന്ന പതിവുകളെ കർത്താവ് ചോദ്യം ചെയ്യുമ്പോൾ അവളും ഭൂമിയുടെ അവകാശിയാണ് എന്ന് പറയുകയല്ലേ കർത്താവ് ചെയതത്. സ്വവംശജരായ എല്ലാ വനിതാരത്നങ്ങളുടെയും പദവികളിൽ വ്യത്യാസമുണ്ടാകണമെന്ന് കാഴ്ച്ചപ്പാടാണിത്.

നമ്മുടെ ദൈവീകദാനങ്ങളെ ശരിയായി ഉപയോഗിച്ചാൽ അവ നമുക്ക് നന്മ നൽകും. പാപത്തിലൂടെ കുനിഞ്ഞ് മണ്ണോളം വീണ്പോവാനല്ല,മറിച്ച് ആകാശത്തോളം ഉയർന്ന് അനശ്വരതയുടെ ജീവിത വഴികളെ രൂപപ്പെടുത്തുവനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. സംഘാലയങ്ങൾ സമൂഹത്തിന്റെ ശാക്തീകരണത്തിനായിരിക്കണം. കപടഭക്തികൊണ്ട് അത് ജീർണ്ണിപ്പിക്കുന്ന എല്ലാ പ്രവണതകളും വിമർശിക്കപ്പെടണം. ഒരർത്ഥത്തിൽ കർത്താവ് (മർക്കോ 18-21) വരെയുള്ള ഭാഗത്ത് ഉപമകളിലൂടെ പഠിപ്പിച്ചത് ഇവിടെ ദൃഷ്ടാന്തമായി സ്ത്രീയുടെ സൗഖ്യത്തിലൂടെ നാം കാണുകയാണ്. ❑

മേപ്രാൽ സെൻറ് ജോൺസ് വലിയപള്ളി മലങ്കര ഓർത്തഡോക്സ് സഭയുടെ സ്വന്തം

മേപ്രാൽ സെൻറ് ജോൺസ് വലിയപള്ളി 1934 ലെ സഭാ ഭരണഘടന പ്രകാരം ഭരണം നടത്തണം എന്ന് തിരുവല്ല മുൻസിഫ് ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചു.

അപ്പർ കുട്ടനാടിന്റെ അതിർത്തിയിൽ, 1861-ൽ പരിശുദ്ധനായ യൂഹാനോൻ മംദാനയുടെ നാമത്തിൽ സ്ഥാപിതമായി, അഭി. യുയാകിം മാർ കൂറിലോസ് മെത്രാപ്പോലീത്തായാൽ തറക്കല്ലിട്ട് പണി കഴിപ്പിച്ച മലങ്കര ഓർത്തഡോക്സ് സഭയുടെ നിരണം മെത്രാസനത്തിലെ ചരിത്രപ്രസിദ്ധമായ ദേവാലയമാണ് മേപ്രാൽ സെന്റ്. ജോൺസ് ഓർത്തഡോക്സ് വലിയപള്ളി.

മലങ്കരയുടെ പ്രഖ്യാപിത പരിശുദ്ധന്മാരായ പരിശുദ്ധ പരുമല കൊച്ചുതിരുമേനിയും, പരിശുദ്ധ വട്ടശേരിൽ തിരുമേനിയും, പരിശുദ്ധ കുറിച്ചി ബാവയും ഈ ദേവാലയത്തിൽ എഴുന്നെള്ളി വി. ബലി അർപ്പിക്കുകയും ചെയ്തിട്ടുണ്ട്, പുണ്യശ്ലോകനായ അഭി. ഇയോബ് മാർ ഫിലെക്സിനോസ് മെത്രാപ്പോലീത്തയും അമേരിക്കൻ ഭദ്രാസന മെത്രാപൊലീത്ത അഭി സക്കറിയാസ് മാർ നിക്കോളോവാസ് മെത്രാപൊലീത്തയും ഈ ഇടവകയുടെ ശ്രേഷ്ഠസന്താനങ്ങളാണ്. ഏകദേശം 190 ഇടവകക്കാരുള്ള പള്ളിയുടെ വികാരിയായി വന്ദ്യ ചെമ്പ്മാലിയിൽ എബി മാത്യു കത്തനാരും, ട്രസ്റ്റിമാരായി ശ്രീ തോമസ് മാത്യു മാമ്പറമ്പിൽ, ശ്രീ തോമസ് മാത്യു ചെറുകര എന്നിവരും, സെക്രട്ടറി ശ്രീ. നിതിൻ മത്തായി പൗലോസ് പന്ത്രണ്ടിൽ എന്നിവരും പ്രവർത്തിക്കുന്നു.

ഓർത്തഡോക്സ്, യാക്കോബായ കക്ഷി വഴക്ക് അതിന്റെ ഉച്ചകോടിയിൽ ആയിരുന്നപ്പോഴും ഈ ദേവാലയത്തിൽ ഇരുവിഭാഗവും സമാധാനത്തിന്റെ മാതൃക പുലർത്തുന്നതിൽ ഒരുമനസോടെ സഹകരിച്ചു. എന്നാൽ 1972 -ൽ ഈ ഇടവകയുടെ വികാരിയായി ചുമതല വഹിച്ച പായ്ക്കണ്ടത്തിൽ കുര്യൻ കത്തനാർ ശിമയിൽ പോയി പട്ടം ഏറ്റ് വിഘടിത വിഭാഗമായ യാക്കോബായ പക്ഷത്തിലേക്ക് ചേർന്നതോടെ പള്ളി ഒരു പിളർപ്പിലേക്ക് കടന്നു. ആ കാലഘട്ടം മുതൽ സഭയിലും മേപ്രാൽ വലിയപള്ളിയിലും സഭ തർക്കം രൂക്ഷമായി, ശേഷം നടന്ന നീണ്ട വർഷങ്ങളുടെ വ്യവഹാരത്തിനു ശേഷം 1995 -ൽ ഭാരതത്തിന്റെ പരമോന്നത കോടതിയിൽ നിന്നുണ്ടായ വിധിയിലും 1934 -ലെ ഭരണഘടനാ അനുസരിച്ചു മാത്രമേ പള്ളി ഭരിക്കപ്പെടാവുവെന്ന ഉത്തരവ് ഉണ്ടാവുകയും, ശേഷം 2017 ജൂലൈ 3 -ൽ സുപ്രീം കോടതിയിൽ നിന്നുണ്ടായ അന്തിമ വിധിയിലും മലങ്കരയിലെ 1064 ദേവാലയങ്ങളും 1934 -ലെ ഭരണഘടനാ അനുസരിച്ചു മാത്രമേ ഭരിക്കപ്പെടാവു എന്നും, പാരലൽ ഭരണസംവിധാനം പാടില്ല എന്നും അർഥശങ്കക്ക് ഇടവരുത്താതെ പറഞ്ഞിരിക്കുന്നു. തുടർന്ന് മേപ്രാൽ വലിയപള്ളി സ്വതന്ത്രമായി കൊടുത്ത കേസിൽ ബഹു തിരുവല്ല മുൻസിഫ് കോടതിയിൽ നിന്നും ഇന്ന് മലങ്കര സഭക്ക് അനുകൂലമായി ഇടക്കാല ഉത്തരവ് ഉണ്ടായി, ഈ ഇടവകക്ക് വേണ്ടി നിരന്തരം പ്രാർത്ഥിക്കുന്ന സഭാ മക്കൾക്ക് നന്ദി അറിയിക്കുന്നു, പ്രത്യേകാൽ മുൻ ഭദ്രാസന അധിപനായ പുണ്യശ്ലോകനായ സഭാരത്നം അഭി. ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെയും, ഇടവക അംഗം ആയിരുന്ന പുണ്യശ്ലോകനായ അഭി ഇയോബ് മാർ ഫിലെക്സിനോസ് തിരുമേനിയുടെയും തൃപ്പാദത്തിങ്കൽ ഈ വിധി ഇടവക ജനങ്ങൾ സമർപ്പിക്കുന്നു.

ഫാ. എബി. സി. മാത്യു (വികാരി)

പൂത്യക്ക സെന്റ് മേരീസ് പള്ളി മലങ്കരസഭയ്ക്ക്

എറണാകുളം: മലങ്കരസഭയുടെ കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിൽപ്പെട്ട കോലഞ്ചേരി, പൂത്യക്ക സെന്റ് മേരീസ് പള്ളി 1934 ലെ സഭാ ഭരണഘടന പ്രകാരം ഭരണം നടത്തണം എന്നും, 34 ഭരണഘടനപ്രകാരം നിയമിതനായ വികാരിയായിരിക്കണം പള്ളിയിൽ കർമ്മങ്ങൾ നടത്തേണ്ടതെന്നും എറണാകുളം ജില്ലാ കോടതി ഈ പള്ളിയുടെ ഒറിജിനൽ സുട്ടിൽ വിധി പ്രസ്ഥാവിച്ചു. അപ്രകാരമല്ലാത്തവർക്ക് ശാശ്വത നിരോധനവും ഏർപ്പെടുത്തി.

ഓർത്തഡോക്സ് സഭയ്ക്ക് വേണ്ടി അഡ്വ. എസ് ശ്രീകുമാർ, ശ്രീ മാർട്ടിൻ ജോസ് എന്നിവർ ഹാജരായി.



MMVS Delhi Diocese conducted its Lenten Retreat and visited Anchal, Centre for Differently Abled Children today. HG Dr. Youhanon Mar Demetrios blessed the occasion with his presence .Rev.Fr.Oommen Mathew led the Lenten Retreat.

Mar Yulios stresses on almsgiving during Lenten season, urges MGOCSM units to actively participate in charity project

AHMEDABAD: Charity is an integral element of the Christian way of life and the Orthodox church is very particular in this aspect, says HG Dr Geevarghese Mar Yulios, Metropolitan of Ahmedabad Diocese, and Assistant Metropolitan of Kunnamkulam Diocese.

In a Kalpana addressed to Vicars, Associate Vicars, members of MGOCSM and the faithful of the Diocese of Ahmedabad, Mar Yulios has called up on to seriously observe the Lenten season with purity, simplicity and meekness.

In this regard, the Metropolitan stresses on almsgiving as an expression of our gratitude for all that God has provided us, and a realization that in the Body of Christ, it is never "me and God" alone.

The charity amount collected will be donated to 'Prerana Special School, Nagpur', an institution of the Church governed by St Thomas Orthodox Theological Seminary (STOTS), Nagpur, which empowers the under privileged and differently abled 'children with special needs'.

His Grace quotes St Paul from 2 Corinthians 9:7, "Each one should give, then, as he has decided, not with regret or out of a sense of duty; for God loves the one who gives gladly".

Almsgiving, prayer and fasting are the three major pillars of the Great and Salvific Lent, Mar Yulios notes that by giving alms, Jesus teaches means of making the needs of others our own, especially the needy of the world.

Mar Yulios has hailed the steadfast devotion of MGOCSM, the student spiritual organisation of Orthodox Church, who has always laid emphasis on service related activities.

This year too, the MGOCSM office bearers have come forward to contribute towards the needy of the society.

MGOCSM units are requested to actively participate in the Lenten Charity Project and make it successful.

Similar to previous years, it was decided that each unit will collect the Great Lent fasting amount from their members and utilise the amount for the well-being of fellow beings.

Unit secretaries shall coordinate with Diocesan Treasurer or Diocesan Secretary towards handing over the amount to the Diocesan MGOCSM accounts before April 30, 2019.

Mar Yulios has urged the faithful to seriously observe Lenten season as we approach the Mid-Lent and has extended his wishes for a blessed Lenten season, sanctified Holy-week and glorified Feast of the Resurrection of the Lord.

The Kalpana No. 10/19, dated March 20, 2019 was issued from St Thomas Bishop's House, Naroda, Ahmedabad.

"നോമ്പ് ദൈവം ആദ്യം ആദാമിന്നു കൊടുത്ത കല്പനപ്രകാരം യഹൂദ സഭയിൽ ദൈവകല്പനപ്രകാരം നടത്തിവന്നതും നമ്മുടെ കർത്താവ് കല്പിച്ചും പ്രവർത്തിച്ചും പഠിപ്പിച്ചിരിക്കുന്നതും തന്റെ ശ്ലീഹന്മാർ ആചരിച്ചു വന്നതും ശുദ്ധമുള്ള സഭയിൽ കല്പിച്ചു സ്ഥിരപ്പെടുത്തി നടന്നുവരുന്നതുമാകുന്നു. എന്നാൽ തിന്മകളിൽ നിന്ന് ഒഴിഞ്ഞ് ആത്മാവിലുംകൂടെ നോമ്പു നോക്കാതെ ഭക്ഷണങ്ങളിൽ നിന്നൊഴിഞ്ഞ് ശരീരത്തിൽ മാത്രം നോമ്പു നോറ്റാൽ പോരാത്തതത്രേ."

– പ. വട്ടശ്ശേരിൽ തിരുമേനി

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ വിശുദ്ധ കാനോനിക നോമ്പുകൾ

– ഡോ. എൽദോ ജോസഫ്

നോമ്പുകൾ കാനോനികമഞ്ച്
യൽദോയാണാദ്യത്തേത്
ഒന്നു ഡിസംബറിലാരംഭം
ഇരുപത്തഞ്ചിനു തീർന്നീടും

മൂന്നു ദിനം നിനെവേ നോമ്പ്
യോനാനിബിയെ ഓർത്തീടാൻ
പിന്നീടമ്പതുനാൾ നോമ്പ്
അവസാനിക്കും ക്യംതായിൽ

മാർച്ചിരുപത്തൊന്നാം ദിനമോ
പിന്നീടായ് വന്നീടുന്ന
പൗർണ്ണമി തൻ പിമ്പു വരുന്ന
ഞായർ ക്യംതായായീടും

ക്യംതാ മുതൽ പിന്നോട്ടെണ്ണി
പത്താഴ്ചകളെത്തീടുമ്പോൾ
അമ്പതുനോമ്പിൻ മുന്നോടി
നിനെവേ നോമ്പാരംഭിക്കും

മാതാവിൻ വാങ്ങിപ്പിന്റെ
സ്മരണയ്ക്കായ് പതിനഞ്ചുദിനം
ശൂനോയോ നോമ്പാചരണം
പതിനഞ്ചോഗസ്റ്റിൽ തീരും

വെള്ളം വീഞ്ഞാക്കിയ കൊത്നേ
അമ്പതു നോമ്പിന്നാരംഭം
കുഷ്ഠാർത്തൻ സൗഖ്യം നേടി
രണ്ടാം ഞായർ ഗർബോയിൽ

മ്ശറിയോയിൽ തളർവാതിക്ക്
സർവാംഗം വിടുതൽ നൽകി
നാലാം ഞായർ ക്നാനൈത്തോ
നാരിമകൾ സൗഖ്യം പൂണ്ടു

കൂനി നടന്നോൾ നേർനിന്നു
അഞ്ചാം ഞായർ ക്പിപ്തോയിൽ
ആറാം ഞായർ സമിയോയിൽ
കുരുടൻ പ്രാപിച്ചു കാഴ്ച

ഏഴാം ഞായർ ഊശാന
കർത്താവേരുശലേമേറി
നോമ്പിന്നവസാനം ക്യംതോ
മൃതിയെ കർത്തൻ തോൽപിച്ചു

കർത്താവിന്നെതിരായ് ഗൂഢം
ചിന്തിച്ച ബുധനും തന്നെ
കുരിശേറ്റിയ വെള്ളിദിനവും
കാനോനിക നോമ്പുകൾ തന്നെ

സഭാകേസുകൾ

പന്നൂർ സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളി 1934 – ലെ സഭാ ഭരണഘടനപ്രകാരം ഭരിക്കപ്പെടണം

തൊടുപുഴ: മലങ്കര ഓർത്തഡോക്സ് സഭയുടെ കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിൽപ്പെട്ട തൊടുപുഴ, പന്നൂർ സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളി 1934 ലെ സഭാ ഭരണഘടന പ്രകാരം ഭരണം നടത്തണം എന്നും ടി ഭരണഘടന പ്രകാരം നിയമിതനായ വികാരി മാത്രമെ കർമ്മങ്ങൾ അനുഷ്ഠിക്കാവൂ എന്നും അല്ലാത്തവർക്ക് ശാശ്വത നിരോധനം ഏർപ്പെടുത്തി കൊണ്ട് തൊടുപുഴ സബ് കോടതി ടി പള്ളിയുടെ ഒറിജിനൽ സുട്ടിൽ വിധി പ്രഖ്യാപിച്ചു. ടി. പള്ളിയുടെ കേസിൽ മലങ്കര സഭ ആവശ്യപ്പെട്ട എല്ലാ നിവർത്തികളും കോടതി അനുവദിച്ചു തന്നു.

ഈ പള്ളിയുടെ വികാരിയായി വന്ദ്യ തളിയിച്ചിറ കോർഎപ്പിസ്കോപ്പാ പ്രവർത്തിച്ചുവരുന്നു. അദ്ദേഹം കോർ എപ്പിസ്കോപ്പാ ആയി എന്ന ഒറ്റക്കാരണത്താൽ ഒന്നായിരുന്ന ഇടവകാംഗങ്ങളെ ഭിന്നതയിൽ ആക്കി വിഘടിത വിഭാഗം എതാനും വർഷങ്ങളായി പാരലൽ ഭരണം നിർവ്വഹിച്ചു വരികയായിരുന്നു. ഈ ഭരണം ഈ വിധിയൊടെ അവസാനിച്ചിരിക്കുകയാണ്.

ഈ പള്ളിയുടെ കേസിൽ 34 ഭരണഘടന അസൽ ഹാജരാക്കണമെന്ന വിഘടിത വിഭാഗം ആവശ്യവും ഇതോടൊപ്പം അവസാനിച്ചു. ഈ സുപ്രധാന വിധിയോടെ വിഘടന വാദം അവസാനിപ്പിക്കാനുള്ള സുവർണ്ണ അവസരം ഇടവകയിൽ സംജാതമായിരിക്കുകയാണ്.

ഓർത്തഡോക്സ് സഭയ്ക്ക് വേണ്ടി അഡ്വ. പി.എം ജോസഫ് ഹാജരായി.

മുണ്ടത്താനം സെൻറ്.ജോൺസ് പള്ളിയിലെ മർത്തമറിയം സമാജം യൂണിറ്റിലെ പ്രവർത്തകർ കൂരോപ്പട സജീവനം സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്റർ ഇന്നേ ദിവസം സന്ദർശിക്കുകയുണ്ടായി. സ്ഥാനപനത്തിന്റെ പ്രവർത്തനങ്ങളെ പറ്റിയും അഭയഭവൻ ചാരിറ്റബിൾ സൊസൈറ്റിനെ പറ്റിയും ഫാ. കുര്യൻ കുറിയാക്കോസ്(സോണി അച്ചൻ), റെജി ജോൺ അവരുമായി പങ്കുവച്ചു. സമാജം യൂണിറ്റിലെ പ്രവർത്തകർ അംഗങ്ങളെ ഒരോരുത്തരേം സന്ദർശിച്ച് അവരുമായി സംവദിക്കാനും പ്രത്യേകം സമയം കണ്ടെതുകയുണ്ടായി. ഇവരുമായുള്ള ഒത്തുചേരൽ ഇവിടെ താമസിക്കുന്ന അംഗങ്ങൾക്കു ഏറെ സന്തോഷകരവും, ഹൃദ്യവുമായിരുന്നു. ഉച്ച നമസ്കാരത്തിൽ പങ്കെടുത്ത അവർ 01 .30 ാ ന് തിരികെ മടങ്ങി.

സ്നേഹതീരത്തിലെ അന്തേവാസികളോടൊപ്പം

പുനലൂർ: ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം കൊട്ടാരക്കര പുനലൂർ ഭദ്രാസനം സ്നേഹസാന്ത്വനം പദ്ധതിയുടെ ഭാഗമായി വിളക്കുടി സ്നേഹതീരത്തിലെ അന്തേവാസികളോടൊപ്പം ചെലവഴിച്ചു.

കൊട്ടാരക്കര പുനലൂർ ഭദ്രാസന സെക്രട്ടറി ഫാ. സി ഡി രാജൻ, യുവ ജനപ്രസ്ഥാനം വൈസ് പ്രസിഡന്റ് ഫാ. അനിൽ ബേബി, ഫാ. അലക്സ് മാത്യു, ജനറൽ സെക്രട്ടറി ജിമ്മി, ജോയിന്റ് സെക്രട്ടറി അജു, ട്രഷറർ വിപിൻ വർഗീസ്, കേന്ദ്ര കമ്മിറ്റീ അംഗം സാന്റോ സാം, ഭദ്രാസന കമ്മിറ്റീ അംഗങ്ങളായ ജിനു, ജോ പുനലൂർ, ജിജി, ജെയ്സൺ ജിജോ, ജെറിൻ, നെബു, അനിൽ കറവൂർ എന്നിവർ പങ്കെടുത്തു ഭദ്രാസന സെക്രട്ടറി ഫാ. സിഡി രാജൻ ഉത്ഘാടനം നിർവഹിച്ചു.



മാധ്യമ പുരസ്കാരം റിനു അമ്പാട്ടിനു

ഫാം ഇൻഫർമേഷൻ ബ്യൂറോ മാധ്യമ പുരസ്കാരം റിനു അമ്പാട്ടിനു തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി എ സി മൊയ്ദീൻ സമ്മാനിച്ചു. കാർഷിക വകുപ്പ് മന്ത്രി വി എസ് സുനിൽ കുമാർ സമീപം. തൃശ്ശൂരിൽ നടന്ന വൈഗ കാർഷിക മേളയിലാണ് പുരസ്കാരം നൽകിയത്

25000 രൂപയും പ്രസക്തി പത്രവുമാണ് പുരസ്കാരം, ചക്കയെ സംസ്ഥാന ഫലമായി പ്രഖ്യാപിച്ചതിനോട് അനുബന്ധിച്ചു ചക്കയുടെ ഗുണഫലങ്ങൾ വിവരിക്കുന്ന റിപ്പോർട്ടിനാണ് പുരസ്കാരം. നിരണം പള്ളി ഇടവകാംഗവും തിരുവല്ല അമ്പാട്ട് രാജു വർഗീസിന്റെയും, ജോളി രാജുവിന്റെയും മകനാണ്.

നോമ്പ്

"വി. നോമ്പ് അനുതാപത്തിന്റെ കാലമാണ്. സാത്താനെ നമ്മിൽനിന്നും ആട്ടിപ്പായിക്കുന്ന ഒരായുധമാണ് നോമ്പ്."

"നോമ്പു പറുദൈസ മുതൽ തുടങ്ങിയിട്ടുള്ളതാണ്. അതിനാൽ സത്യ അനുതാപത്തോടും കണ്ണുനീരോടും സാഷ്ടാംഗ വന്ദനവോടും നിനുവായക്കാരെപ്പോലെ നോമ്പ് നാം ആചരിക്കണം. നമ്മുടെ ഓരോ പാപത്തെയും നാം ഏറ്റു പറഞ്ഞുപേക്ഷിക്കണം. ദൈവത്തെയും സമസൃഷ്ടങ്ങളെയും നാം സ്നേഹിക്കണം. നമ്മുടെ ശത്രുക്കളോടു നാം പ്രതികാരം ചെയ്യരുത്. അവരുടെ തിരിച്ചുവരവിനുവേണ്ടി നാം പ്രാർത്ഥിക്കണം."

– പ. ഗീവർഗീസ് രണ്ടാമൻ കാതോലിക്കാ ബാവാ

News, Advertisements, Wishes Etc...
Contact 8078914931
9446407503
Email:malankaranewsbulletin@gmail.com
Add Size:15 cm x 10 cm Half Page Jpeg / tif file